# കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല





## 2010 - 11

സാമ്പത്തിക വർഷത്തെ വരവ്-ചെലവ്
കണക്കുകളിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്


ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ ഓഡിറ്റ്

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

നം. എൽ.എഫ്.(കെ.യു.എച്ച്.എസ്) ജി.1-113/2015

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല
ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
മെഡിക്കൽ കോളേജ്. പി.ഒ. 680596
തിയതി. 11.06.2015

ജോയിന്റ് ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ്

രജിസ്ട്രാർ,
കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല.

സർ,

വിഷയം: ലോക്കൽ ഫണ്ട് ഓഡിറ്റ്- കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓഡിറ്റ്- 2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ അനുസരിച്ച് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2010-11 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കുറവുകൾ/അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും പരിഹാരനടപടി റിപ്പോർട്ട് തയ്യാറാക്കേണ്ടതും സർവ്വകലാശാലയുടെ മുഖ്യനിർവ്വഹകനായ വൈസ് ചാൻസലറുടെ ഉത്തരവാദിത്തം ആണ്. സർവ്വകലാശാലാ നിയമം 23(xli) പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പരിഗണിക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്ന കർത്തവ്യമാണ്. ആയതിനാൽ ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം നിയമാനുസൃത നടപടികൾ പൂർത്തിയാക്കി ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പരിഹാരനടപടി റിപ്പോർട്ട് സർക്കാരിനും ഈ കാര്യാലയത്തിനും ലഭ്യമാക്കണം എന്ന് അഭ്യർത്ഥിക്കുന്നു. (സർവ്വകലാശാലാ നിയമം 67(7), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) )

രണ്ട് മാസത്തിന് ശേഷം ഈ റിപ്പോർട്ടിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമവും ചട്ടവും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാൻ ഈ കാര്യാലയം ബാധ്യസ്ഥമാണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1) സെക്രട്ടറി, സംസ്ഥാന ആരോഗ്യകുടുംബക്ഷേമവകുപ്പ് (ഉപരിപത്രം സഹിതം)
2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ഓഫീസ് കോപ്പി.

എൽ.എഫ്.(കെ.യു.എച്ച്.എസ്) ജി.1-113/2015

കേരള ആരോഗ്യശാസ്ത്ര
സർവ്വകലാശാല

ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
മെഡിക്കൽ കോളേജ് .പി.ഒ., തൃശ്ശൂർ-680 596
തിയതി 11..06.2015

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 2010-11 വർഷത്തെ കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 18 /കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലനിയമം - 68(4) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്*

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | : | ശ്രീ. ഡി.സാങ്കി<br>ജോയിന്റ് ഡയറക്ടർ |

**1. ആമുഖം.**

കേരള സംസ്ഥാനത്ത് ആധുനിക വൈദ്യശാസ്ത്രം, ഹോമിയോപ്പതി, ആയ്യുർവേദവും സിദ്ധയും യോഗയും പ്രകൃതിചികിത്സയും യുനാനിയും അനുബന്ധശാസ്ത്രങ്ങളും ഉൾപ്പെടെയുള്ള ഭാരതീയ ചികിത്സാ സമ്പ്രദായം എന്നിവയ്ക്ക് മാത്രമായി ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്ന ആവശ്യത്തിലേയ്ക്ക് 07.12.2009 ന് വിളംബരപ്പെടുത്തിയ 'കേരള ആരോഗ്യത്തിനും അനുബന്ധശാസ്ത്രങ്ങൾക്കും ഉള്ള സർവ്വകലാശാല ഓർഡിനൻസ്,2010', '22.01.2011 ന് വിളംബരപ്പെടുത്തിയ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല നിയമം-2010' എന്നിവ പ്രകാരം കേരള ആരോഗ്യസർവ്വകലാശാല നിലവിൽവന്നു.

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ(1994) ത്തിന്റെ പട്ടികയിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും ഉൾപ്പെടുന്നുണ്ട്. കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം 68(1) ലെ വ്യവസ്ഥയനുസരിച്ച് സർവ്വകലാശലയുടെ ഓഡിറ്റിനായി ഈ വകുപ്പിനെ (ഉത്തരവ് നമ്പർ 586/2011/ധനം തിയതി 03.12.2011) സർക്കാർ ചുമതലപ്പെടുത്തി.

2. **സർവ്വകലാശാലയുടെ ചുമതലകൾ**

സർവ്വകലാശാലയുടെ പ്രധാനപ്പെട്ട ചുമതലകൾ താഴെ പറയുന്നവയാണ്.

(I) വൈദ്യശാസ്ത്രവും അനുബന്ധ ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട, സർവ്വകലാശാല യുക്തമെന്നു

കരുതുന്ന, അങ്ങനെയുള്ള പഠനശാഖകളിൽ ബോധനവും പരിശീലനവും നല്കുക;

(ii) വൈദ്യശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രങ്ങളിലും ഗവേഷണത്തിനു വേണ്ടിയും അറിവിന്റെ ഉന്നമനത്തിനും വ്യപനത്തിനും വേണ്ടിയും വ്യവസ്ഥ ചെയ്യുക;

(iii) ബിരുദങ്ങളും, ഡിപ്ലോമകളും, സർട്ടിഫിക്കറ്റുകളും മറ്റ് അക്കാഡമിക് ബഹുമതികളും ഏർപ്പെടുത്തുകയും നൽകുകയും ചെയ്യുക; തുടങ്ങിയവ (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം, 2010 വകുപ്പ് 6 കാണുക.)

3. **<u>സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ</u>**

(i) വൈദ്യശാസ്ത്ര ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും വൈദ്യശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(ii) വൈദ്യശാസ്ത്ര മേഖലയിലെ പുരോഗതികളുടെ അടിസ്ഥാനത്തിലുള്ള പുതിയ പാഠ്യക്രമങ്ങളും പാഠ്യപദ്ധതികളും തയ്യാറാക്കുക;

(iii) അഫിലിയേറ്റ് ചെയ്ത കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അക്കാഡമിക് നിലവാരം ക്രമപ്പെടുത്തുക;

(iv) ആരോഗ്യത്തിന്റെ പ്രതിരോധവും പ്രോത്സാഹനവും സംബന്ധിച്ച കാര്യങ്ങൾ മെച്ചപ്പെടുത്തുക;

(v) സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പദ്ധതികൾ സംഘടിപ്പിക്കുക;

(vi) സംസ്ഥാനത്ത് വൈദ്യശാസ്ത്ര മാനവശേഷി വികസനത്തിന് നേതൃത്ത്വം നൽകുക;

(vii) സംസ്ഥാനത്തിനുവേണ്ടി ആരോഗ്യാസൂത്രണത്തിനും ആരോഗ്യ നയരൂപീകരണത്തിനും നേതൃത്വം നൽകുക;

(viii) സാംക്രമിക രോഗ പഠനത്തിനും സംസ്ഥാനത്ത് വ്യപകമായിട്ടുള്ള രോഗങ്ങൾ നിരീക്ഷിക്കുന്നതിനും ജാഗ്രതയോടെയുള്ള മേൽനോട്ടം വഹിക്കുന്നതിനുമുള്ള സംവിധാനത്തിൽ ഊന്നൽ നൽകുക;

(ix) മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(x) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള സംവാദത്തിനുള്ള ഒരു വേദി ഒരുക്കുക;

(xi) വിവിധ വൈദ്യശാസ്ത്ര സമ്പ്രദായങ്ങൾ തമ്മിലുള്ള കൂട്ടായ ഗവേഷണ പരിപാടികൾക്കും സമന്വയത്തിനുമുള്ള അവസരങ്ങൾ ആരായുക;

(xii) വൈദ്യ ശാസ്ത്രത്തിന്റെയും അനുബന്ധ ശാസ്ത്രങ്ങളുടെയും വിദ്യഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ നീതിപൂർവ്വകമായ വിതരണം പ്രോത്സാഹിപ്പിക്കുക;

(xiii) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും പഠിക്കുന്ന ഒരു സമൂഹത്തിന് ഉചിതമായ ആധുനിക ആശയ വിനിമയ മാധ്യമങ്ങളും സാങ്കേതിക വിദ്യയും ഉപയോഗിച്ചുകൊണ്ട് വൈദ്യശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യഭ്യാസ ശൃംഖല സ്ഥാപിച്ചുകൊണ്ട് മാനുഷിക പരിശ്രമത്തിന്റെ എല്ലാ മേഖലകളിലും നൂതന രീതികളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും പശ്ചാത്തലത്തിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും പരിശീലനം നല്കുന്നതിനും വൈദഗ്ധ്യ വികസനത്തിനും തുടർച്ചയായ അവസരങ്ങൾ നല്കുകയും ചെയ്യുക;

(xiv) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലയിലെ മറ്റ് അക്കാഡമിക് പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരതീയ ചികിത്സാ സമ്പ്രദായത്തിന്റെയും അതിന്റെ എല്ലാ ശാഖകളുടെയും ഹോമിയോപ്പതിയുടെയും വികസനത്തിനായി കൂടുതൽ ഊന്നൽ നല്കുക. (കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം, 2010 വകുപ്പ് 5 കാണുക.)

## 4. സർവ്വകലാശാലയുടെ സംഘടനാരൂപം

സർവ്വകലാശാലാ നിയമം 4-ാം വകുപ്പനുസരിച്ച് സർവ്വകലാശാലയുടെ ഘടന താഴെപറയും പ്രകാരമാണ്.

(എ) സർവ്വകലാശാലയുടെ സ്ഥാപനങ്ങൾ

(i) കാലാകാലങ്ങളിൽ സർവ്വകലാശാല തീരുമാനിക്കുന്ന മേഖലകളിലെ പഠനത്തിനും ഗവേഷണത്തിനുമുള്ള സ്കൂളുകൾ

(ii) സർവ്വകലാശാല നേരിട്ടു നടത്തുന്ന, അണ്ടർ ഗ്രാജ്വേറ്റും പോസ്റ്റ് ഗ്രാജ്വേറ്റും അദ്ധ്യാപനത്തിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ

(ബി) സർക്കാർ മേഖലയിലും സ്വകാര്യ എയ്ഡഡ് അല്ലെങ്കിൽ അൺ എയ്ഡഡ് മേഖലകളിൽ രണ്ടിലും അഫിലിയേറ്റ് ചെയ്ത കോളേജുകൾ.

(സി) അംഗീകൃത സ്ഥാപനങ്ങൾ

എന്നാൽ സർവ്വകലാശലയുടെ കീഴിൽ തൻവർഷത്തിൽ അഫിലിയേറ്റഡ് കോളേജുകൾ മാത്രമാണുള്ളത്. സർവ്വകലാശാലയുടെ കീഴിൽ 2010-11 സാമ്പത്തിക വർഷത്തിൽ 204 അഫിലിയേറ്റഡ് കോളേജുകൾ നിലവിലുണ്ട്.

***പട്ടിക 1: സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് സ്ഥാപനങ്ങൾ***

| അഫിലിയേറ്റഡ് സ്ഥാപനങ്ങൾ | എണ്ണം |
|---|---|
| മെഡിക്കൽ കോളേജുകൾ | 21 |
| ഡെന്റൽ കോളേജുകൾ | 22 |
| ആയുർവേദ കോളേജുകൾ | 16 |
| ഹോമിയോ കോളേജുകൾ | 5 |
| സിദ്ധ മെഡിക്കൽ കോളേജുകൾ | 1 |
| ഫാർമസി കോളേജുകൾ | 26 |
| നഴ്സിംഗ് കോളേജുകൾ | 91 |
| പാരാമെഡിക്കൽ കോളേജുകൾ | 22 |
| **ആകെ** | **204** |

## 5.സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങൾ(കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമം,2010 വകുപ്പ് 19 കാണുക.)

| ക്രമ നം. | അധികാരസ്ഥാന ത്തിന്റെ പേര് | ആകെ അംഗങ്ങളു ടെ എണ്ണം | ക്വാറം( കുറഞ്ഞ ത്) | ചേരേണ്ട വാർഷികയോഗങ്ങ ളുടെ എണ്ണം(കുറഞ്ഞത്) | 2010-11 സാമ്പത്തിക വർഷത്തിൽ യോഗം നടന്ന തിയതി | പങ്കെടുത്ത അംഗങ്ങളു ടെ എണ്ണം | കേരള ആരോഗ്യ ശാസ്ത്ര സർവ്വക ലാശാല നിയമം വകുപ്പ് |
|---|---|---|---|---|---|---|---|
| 1 | സെനറ്റ് | 96 | 25 / ആകെ അംഗങ്ങ ളുടെ നാലിലൊ ന്ന് | 2 | രൂപീകരിച്ചിട്ടില്ല | - | 20 |
| 2 | ഗവേണിംഗ് കൗൺസിൽ | 17 | 9 | 4 | 29.05.2010<br>30.10.2010 | 11<br>10 | 22 |

| ക്രമ നം. | അധികാരസ്ഥാന ത്തിന്റെ പേര് | ആകെ അംഗങ്ങളു ടെ എണ്ണം | ക്വാറം( കുറഞ്ഞ ത്) | ചേരേണ്ട വാർഷികയോഗങ്ങ ളുടെ എണ്ണം(കുറഞ്ഞത്) | 2010-11 സാമ്പത്തിക വർഷത്തിൽ യോഗം നടന്ന തിയതി | പങ്കെടുത്ത അംഗങ്ങളു ടെ എണ്ണം | കേരള ആരോഗ്യ ശാസ്ത്ര സർവ്വക ലാശാല നിയമം വകുപ്പ് |
|---|---|---|---|---|---|---|---|
| | | | | | 18.03.2011 | 10 | |
| 3 | അക്കാദമിക് കൗൺസിൽ | 37 | 10 / ആകെ അംഗങ്ങളുടെ അഞ്ചിലൊന്ന്( സ്റ്റാറ്റ്യൂട്ട് പ്രകാരം ആകെ അംഗങ്ങളുടെ നാലിലൊന്ന്) | 3 | സാമ്പത്തിക വർഷത്തിൽ ചേർന്നിട്ടില്ല | - | 24 |
| 4 | പരീക്ഷാബോർഡ് | 8 | ആകെ അംഗങ്ങളുടെ രണ്ടിലൊന്ന് | 2(ഓരോ അക്കാഡമിക് ടേമിലും) | ലഭ്യമല്ല | ലഭ്യമല്ല | 26 |
| 5 | പഠനബോർഡ് | 11 | ആകെ അംഗങ്ങളുടെ രണ്ടിലൊന്ന് | 1 | ലഭ്യമല്ല | ലഭ്യമല്ല | 28 |
| 6 | ഫാക്കൽറ്റി | 5 | ആകെ അംഗങ്ങളുടെ രണ്ടിലൊന്ന് | 1(ഓരോ അക്കാദമിക് വർഷത്തിലും) | ലഭ്യമല്ല | ലഭ്യമല്ല | 30 |
| 7 | ഫിനാൻസ് കമ്മിറ്റി | 7 | 4 | 4 (ഓരോ പാദവർഷത്തിലും 1 തവണ) | 23.09.2010<br>17.02.2011 | 5<br>5 | 32 |
| 8 | പ്ളാനിംഗ് കമ്മിറ്റി | 15 | ആകെ | 3 | രൂപീകരിച്ചിട്ടില്ല | - | 33 |

| ക്രമ നം. | അധികാരസ്ഥാന ത്തിന്റെ പേര് | ആകെ അംഗങ്ങളു ടെ എണ്ണം | ക്വാറം(കുറഞ്ഞ ത്) | ചേരേണ്ട വാർഷികയോഗങ്ങ ളുടെ എണ്ണം(കുറഞ്ഞത്) | 2010-11 സാമ്പത്തിക വർഷത്തിൽ യോഗം നടന്ന തിയതി | പങ്കെടുത്ത അംഗങ്ങളു ടെ എണ്ണം | കേരള ആരോഗ്യ ശാസ്ത്ര സർവ്വക ലാശാല നിയമം വകുപ്പ് |
|---|---|---|---|---|---|---|---|
| | | | അംഗങ്ങളുടെ മൂന്നിലൊന്ന് | | | | |
| 9 | റിസർച്ച് കൗൺസിൽ | ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തി വി.സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ | നിയമത്തിൽ പ്രത്യേക പരാമർശമില്ല | നിയമത്തിൽ പ്രത്യേക പരാമർശമില്ല | രൂപീകരിച്ചിട്ടില്ല | - | 35 |
| 10 | യൂണിവേഴ്സിറ്റി ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ | ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തിവി. സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ | നിയമത്തിൽ പ്രത്യേക പരാമർശമില്ല | നിയമത്തിൽ പ്രത്യേക പരാമർശമില്ല | രൂപീകരിച്ചിട്ടില്ല | - | 36 |
| 11 | എത്തിക്സ് കമ്മിറ്റി | ഗവേണിംഗ് കൗൺസിലുമായി ചർച്ച നടത്തിവി. സി. നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ | നിയമത്തിൽ പ്രത്യേക പരാമർശമില്ല | നിയമത്തിൽ പ്രത്യേക പരാമർശമില്ല | രൂപീകരിച്ചിട്ടില്ല | - | 37 |
| 12 | സ്റ്റുഡൻസ് കൗൺസിൽ | 26 | ആകെ അംഗങ്ങളുടെ നാലിലൊന്ന് | 2 | രൂപീകരിച്ചിട്ടില്ല | - | 38 |

**6.ഫണ്ടുകളുടെ ഉറവിടം.**(സർവ്വകലാശാലാ നിയമം വകുപ്പ് 64)

1)

- സർക്കാർ/കേന്ദ്ര സർക്കാർ/ യു.ജി.സി. ശമ്പളേതര ഗ്രാന്റ്
- ഫീസുകൾ,ചാർജ്ജുകൾ ഇവയിൽ നിന്നുള്ള വരുമാനം
- ബാങ്കുകളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സർക്കാർ അനുമതിയോടെ കടം വാങ്ങിയ തുക
- മറ്റ് ഏതെങ്കിലും മാർഗ്ഗത്തിൽ നിന്നോ ഏജൻസികളിൽ നിന്നോ ലഭിച്ച തുക

→ പൊതുനിധി

2)

- സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ/ യു.ജി.സി. ഗ്രാന്റ്

→ ശമ്പള നിധി

3)

- ട്രസ്റ്റുകൾ, മരണപത്രം, ശാസനങ്ങൾ, സംഭാവനകൾ, എൻഡോവ്മെന്റുകൾ, ധനസഹായങ്ങൾ, സമാനഗ്രാന്റുകൾ എന്നിവയിൽ നിന്നുള്ള വരുമാനം

→ ട്രസ്റ്റ് നിധി

4) സംസ്ഥാന സർക്കാർ വികസന ഗ്രാന്റ് / യു.ജി.സി. ഗ്രാന്റ്

കേന്ദ്ര സർക്കാരിന്റെ ഫണ്ടിംഗ് ഏജൻസികൾ, ഐക്യരാഷ്ട്ര സംഘടനയും അനുബന്ധ സംഘടനകളും മറ്റ് അന്താരാഷ്ട്ര ഏജൻസികളും വ്യവസായങ്ങളും ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും ആളുകളും എന്നിവരിൽ നിന്നും കൈപ്പറ്റിയ ഗ്രാന്റുകൾ

→ വികസനത്തിനും പ്രോഗ്രാമുകൾക്കുമുള്ള നിധി

5) കേരള സർക്കാർ/ഭാരത സർക്കാർ/ കേന്ദ്ര സ്വയംഭരണ സ്ഥാപനങ്ങൾ, അന്താരാഷ്ട്ര ഗവേഷണ ഏജൻസികൾ

→ ഗവേഷണ നിധി

6) ആകസ്മികതാ നിധി

## 7. **ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ**

സർവ്വകലാശാലക്ക് വിവിധ ആവശ്യങ്ങൾക്കായി 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിൽനിന്നും ധനസഹായം ലഭിച്ചതിന്റെ കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കൂടാതെ തൻവർഷം സർവ്വകലാശാലക്കു ലഭിച്ച തനതു വരുമാനത്തിന്റെയും മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ച ഫണ്ടുകളുടെയും വരവ്, അക്കൗണ്ടുകളിൽ ഒടുക്കിയത് ,പിൻവലിക്കൽ എന്നിവ പരിശോധനക്കു വിധേയമാക്കുകയുണ്ടായി.

## 8. **ഉത്തരവാദികളായ നിർവ്വഹണ ഉദ്യോഗസ്ഥർ**

എ) വൈസ് ചാൻസലർ ഡോ.കെ.മോഹൻദാസ് 01.04.2010 മുതൽ 31.03.2011 വരെ

ബി) പ്രൊ.വൈസ് ചാൻസലർ ഡോ.സി.രത്നാകരൻ 05.05.2010 മുതൽ 31.03.2011 വരെ

| | | | |
|---|---|---|---|
| സി) രജിസ്ട്രാർ | ഡോ.അബ്ദുറഹിമാൻ | | 01.04.2010 മുതൽ 06.07.2010 വരെ |
| | ഡോ.ഐപ്പ് വർഗ്ഗീസ് | | 07.07.2010 മുതൽ 31.03.2011 വരെ |
| ഡി) കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | ശ്രീ.പി.കെ.സുധീർ | | 04.02.2011 മുതർ 31.03.2011 വരെ |
| ഇ) ഫിനാൻസ് ഓഫീസർ | ശ്രീ. ജി.ഗോപകുമാർ | | 19.07.2010 മുതൽ 31.03.2011 വരെ |

## 9.റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിന് താഴെ പറയുന്ന ഭാഗങ്ങൾ ഉണ്ട്

| | |
|---|---|
| ഭാഗം - 1 | പൊതുഅവലോകനം |
| ഭാഗം - 2 | വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം - 3 | ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| ഭാഗം - 4 | ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

## 1.1) ബഡ്ജറ്റ്

സർവ്വകലാശലയുടെ 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പാസ്സാക്കിയിട്ടില്ല. സർവ്വകലാശാലയുടെ 2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പാസ്സാക്കിയിട്ടില്ലെന്ന് ഗവേണിങ്ങ് കൗൺസിൽ, ഫിനാൻസ് കമ്മിറ്റി എന്നിവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽനിന്നും കാണുന്നു. കേരള ബഡ്ജറ്റ് മാനുവലിൽ നിഷ്കർഷിക്കുന്ന പ്രകാരം ബഡ്ജറ്റിന്റെ വിവിധ ഘട്ടങ്ങൾ താഴെ പറയുന്നവയാണ്.

1. ബഡ്ജറ്റ് തയ്യാറാക്കൽ
2. ബഡ്ജറ്റ് പാസ്സാക്കൽ
3. ബഡ്ജറ്റിന്റെ നിർവ്വഹണം
4. ബഡ്ജറ്റിന്റെ പുനരവലോകനം

ബഡ്ജറ്റ് തയ്യാറാക്കൽ, പാസാക്കൽ, നിർവഹണം എന്നിവയെ സംബന്ധിച്ച് സർവ്വകലാശാലാ നിയമത്തിലുള്ള വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

വകുപ്പ് 23(iv) : സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സർവ്വകലാശാലയുടെ ബഡ്ജറ്റും ധനപരമായ കണക്കും പരിഗണിക്കുകയും പാസാക്കുകയും ചെയ്യുക.( ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ)

വകുപ്പ് 23(xxi) : ഫൈനാൻസ് കമ്മിറ്റിയിൽനിന്ന് ലഭിച്ച പ്രകാരമുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് അതിന്റേതായ ഭേദഗതികൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയോട്ടുകൂടി അംഗീകരിക്കുക.(ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങൾ)

വകുപ്പ് 32(2)(i) : സർവ്വകലാശാലയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെലവിന്റെ കണക്കുകൾ പുനരവലോകനം ചെയ്യുകയും ഗവേണിംഗ് കൗൺസിലിന് ശുപാർശ ചെയ്യുകയും ചെയ്യുക.(ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങൾ)

വകുപ്പ് 66. :അടുത്ത സാമ്പത്തികവർഷത്തേക്കുള്ള സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം ഫൈനാൻസ് ഓഫീസർ, വൈസ് ചാൻസലറുടെ നിർദ്ദേശപ്രകാരം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള തിയതിക്കുമുമ്പ് തയ്യാറാക്കേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതുമാണ്. ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ച ശേഷം ആയത് സെനറ്റിൽ ചർച്ചക്ക് ഹാജരാക്കേണ്ടതാണ്.

സർവ്വകലാശാലയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട ഫിനാൻസ് കമ്മിറ്റിയുടെ ആദ്യയോഗം 23.09.10 നും ബഡ്ജറ്റ് എസ്റ്റിമേറ്റ് പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യേണ്ട ഗവേണിംഗ് കൗൺസിലിന്റെ ആദ്യയോഗം 29.05.10 ലും ആണ് ചേർന്നിട്ടുള്ളത്. സർവ്വകലാശാലാ സെനറ്റ് ഇതുവരെയും രൂപീകരിച്ചിട്ടില്ല.

2010 ജനുവരി 22-ാം തിയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ സർവ്വകലാശാലാ ഓർഡിനൻസിലെ വകുപ്പ് 92(2) ൽ നിഷ്കർഷിക്കുന്ന ഇടക്കാല വ്യവസ്ഥകൾ പ്രകാരം യഥാവിധി ഒരു അധികാരസ്ഥാനത്തെ രൂപീകരിക്കുന്നതുവരെ ഓർഡിനൻസ് പ്രകാരമുള്ള അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ ഏതെങ്കിലും

അധികാരങ്ങളും കർത്തവ്യങ്ങളും വിനിയോഗിക്കുന്നതിനും നിർവ്വഹിക്കുന്നതിനുംവേണ്ടി ആദ്യത്തെ വൈസ് ചാൻസലർക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനെയൊ ഏതെങ്കിലും കമ്മിറ്റിയെയൊ താൽക്കാലികമായി നിയമിക്കാവുന്നതാണ്.

മേൽ സൂചിപ്പിച്ച ഇടക്കാല വ്യവസ്ഥകൾ നിലനിന്നിരുന്ന സാഹചര്യത്തിൽ അധികാര സ്ഥാനങ്ങൾ രൂപീകരിച്ചിട്ടില്ലായിരുന്നുവെന്ന കാരണത്താൽ ബഡ്ജറ്റ് തയ്യാറാക്കി അത് പാസ്സാക്കാത്തതിന് ന്യായീകരണമില്ല.

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിനാശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത് . സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായ വിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

ജനാധിപത്യ വ്യവസ്ഥയിലുള്ള ഒരു സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ച് ബഡ്ജറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്കു ലഭിക്കുന്ന സാമ്പത്തിക അനുമതി കൂടിയാണ്. തീർത്തും ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ ഒരു സംവിധാനത്തിൽ തയ്യാറാക്കപ്പെടുന്നതും പ്രയോഗിക്കപ്പെടുന്നതും ആണ് ബഡ്ജറ്റ് എങ്കിലും ആയത് പരിശോധിക്കപ്പെടുകയും ചർച്ചചെയ്ത് അംഗീകരിക്കുകയും ചെയ്യേണ്ടത് ജനാധിപത്യപരമായി രൂപീകരിക്കപ്പെട്ട ഒരു അധികാരസ്ഥാനത്താലായിരിക്കണമെന്ന ജനാധിപത്യവ്യവസ്ഥയും സാമാന്യയുക്തിയും ഇവിടെ പാലിക്കപ്പെട്ടിട്ടില്ല.

## 1.2.) 2010-11 സാമ്പത്തിക വർഷത്തിൽ വരവു വന്നിട്ടുള്ള ഗ്രാന്റിന്റെ വിശദാംശങ്ങൾ

| ക്രമ നം | സർക്കാർ ഉത്തരവ് /തിയതി | തുക | ഉദ്ദേശ്യം | അക്കൗണ്ട് ഹെഡ്ഡ് | തുക ട്രഷറിയിൽ വന്ന തിയതി |
|---|---|---|---|---|---|
| 1 | GO(rt) No.1134/2011/H & FWD dt 23.03.2011 | 20,00,00,000 (20 കോടി രൂ) | വികസന പ്രവർത്തനങ്ങൾക്ക് | 2210-05-001-93-35 | 31.03.2011 |
| 2 | GO(rt) No.1135/2011/H & FWD Dt 23.03.2011 | 150,00,000 (150 ലക്ഷം രൂ) | ശമ്പളചെലവുകൾക്ക് | 2210-05-001-93-31 | 28.03.2011, 01.04.2011 |

## 1.3) ഉപസ്ഥാനീയ നിയമനിർമ്മാണങ്ങളുടെ അഭാവം :

സർവ്വകലാശാലയുടെ നിയമത്തിന് അനുപൂരകമായി സർവ്വകലാശാലയുടെ ലക്ഷ്യങ്ങളും കടമകളും നിർവ്വഹിക്കുന്നതിനുപയുക്തമായരീതിയിൽ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ബൈലാകളും ഉണ്ടാക്കുന്നതിന് സർവ്വകലാശാലാ നിയമം അദ്ധ്യായം V-ലെ 40 മുതൽ 46 വരെയുള്ള വകുപ്പുകൾ അധികാരം നൽകുന്നുണ്ട്. ഇത്തരം ഉപസ്ഥാനീയ നിയമ നിർമ്മാണങ്ങളിലൂടെ സർവ്വകലാശാലാ നിയമത്തിന് പൂർണ്ണത കൈവരുത്തുന്നതിനുവേണ്ടിയാണ് പ്രത്യേക നൈപുണ്യം ആവശ്യമായ മേഖലകളിൽ വിദഗ്ദന്മാരുടെ മേൽനോട്ടത്തിൽ ഒരു സ്വയംഭരണ സ്ഥാപനത്തിനാവശ്യമായ ഉപസ്ഥാനീയനിയമനിർമ്മാണം നടത്താനുള്ള സ്വാതന്ത്ര്യം സർവ്വകലാശാലക്ക് നിയമം അനുവദിച്ചുനൽകിയിരിക്കുന്നത്.

കേരള സംസ്ഥാനത്ത് വിവിധ വൈദ്യശാസ്ത്രശാഖകളിൽ ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്നതിലേക്കാണ് സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്ന് സർവ്വകലാശാലാ നിയമത്തിന്റെ ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ടെങ്കിലും ഈയൊരു ലക്ഷ്യത്തിലേക്ക് സർവ്വകലാശാലയുടെ പ്രവർത്തനങ്ങളെ നയിക്കാനുതകുന്ന നിയമനിർമ്മാണങ്ങളൊന്നും സർവ്വകലാശാലാതലത്തിൽ നാളിതുവരെ ഉണ്ടായിട്ടില്ല. സർക്കാർ ഉണ്ടാക്കിനൽകിയ ആദ്യസ്റ്റാറ്റ്യൂട്ടിനുപുറമെ വിവിധ കോഴ്സുകളുമായി ബന്ധപ്പെട്ട ഏതാനും റഗുലേഷനുകൾ മാത്രമാണ് സർവ്വകലാശാല ഉണ്ടാക്കിയിട്ടുള്ളത്.

സർവ്വകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിവിധ റഗുലേഷനുകളിൽ നമ്പരോ തീയ്യതിയോ രേഖപ്പെടുത്തിയിട്ടില്ല. ഒരേ വിഷയത്തിലുള്ള രണ്ട് വ്യത്യസ്ത റഗുലേഷനുകളും വെബ്സൈറ്റിൽ കാണാം. ഭേദഗതി അംഗീകരിക്കുന്നതോടെ ഭേദഗതിക്കുമുൻപുള്ളത് റദ്ദാക്കപ്പെടേണ്ടതാണെങ്കിലും അവ ഇപ്പോഴും സർവ്വകലാശാലാ വെബ്സൈറ്റിൽ തുടരുന്നത് സർവ്വകലാശാലയുടെ നിയന്ത്രണസംവിധാനത്തിലെ പാളിച്ചയാണ്. റഗുലേഷനുകൾ/സ്റ്റാറ്റ്യൂട്ടുകൾ/ഓർഡിനൻസുകൾ എന്നിവ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തണമെന്ന് വകുപ്പ് 46-ൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും അത്തരത്തിലുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. ഫലത്തിൽ ദൈനംദിന ഭരണത്തിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളെല്ലാം നിയമാനുസൃതമല്ലാതായി തീരുന്ന ഗൗരവമായ സ്ഥിതിവിശേഷം തുടരുകയാണ്.

സർവ്വകലാശാലയുടെ സർവ്വതോന്മുഖമായ വളർച്ചക്കും നിയമാനുവർത്തനത്തിനും സുതാര്യതക്കും അനിവാര്യമായ നിയമനിർമ്മാണ സാധ്യതകൾ യഥാവിധി പ്രയോജനപ്പെടുത്താൻ അധികാരികളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1.4) സർവ്വകലാശാലയിൽ പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട് എന്നിവ

**<u>യഥാസമയം രൂപീകരിച്ചിട്ടില്ല.</u>**

സർവ്വകലാശാലയിൽ പെൻഷൻ ഫണ്ട് നാളിതുവരെയായി രൂപീകരിച്ചിട്ടില്ല. സർവ്വകലാശാലയിലെ ഏക സ്ഥിരം ജീവനക്കാരനായ സിസ്റ്റം മാനേജരുടെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് അദ്ദേഹം ജോലിയിൽ പ്രവേശിച്ച തീയതി (26.07.2010) കഴിഞ്ഞ് രണ്ട് വർഷത്തിനുശേഷം 2012 നവംബറിലാണ് ആരംഭിച്ചിട്ടുള്ളത്.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമത്തിലെ വകുപ്പ് 86 പ്രകാരം, സർവ്വകലാശാല അതിന്റെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും അതിന്റെ നിയന്ത്രണത്തിലും സേവനത്തിലുമുള്ള മറ്റ് ജീവനക്കാരുടെയും ഗുണത്തിനുവേണ്ടി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഇൻഷ്വറൻസ്, പെൻഷൻ, പ്രൊവിഡന്റ് ഫണ്ട് എന്നീ കാര്യങ്ങൾക്കുവേണ്ടിയും അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് ഗുണങ്ങൾക്കുവേണ്ടിയും ഓർഡിനൻസുകൾ മൂലം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അനുയോജ്യമായ വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർവ്വകലാശാല രൂപീകരിക്കുന്ന പ്രൊവിഡന്റ് ഫണ്ടിനും സർക്കാർ പ്രൊവിഡന്റ് ഫണ്ടിനെന്നതുപോലെ 1925-ലെ പ്രൊവിഡന്റ് ഫണ്ട് നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണെന്ന് സർക്കാർ പ്രഖ്യാപിക്കേണ്ടതുണ്ട്. പ്രൊവിഡന്റ് ഇടപാടുകൾക്ക് മാത്രമായി ട്രഷറി സേവിംങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാരിനോട് അപേക്ഷിക്കേണ്ടതാണ്. 2011-ലെ ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം ഒരു വർഷം പൂർത്തിയാക്കിയ എല്ലാ ജീവനക്കാരും പ്രൊവിഡന്റ് ഫണ്ടിൽ അംഗമാകേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.

26.07.2010 ൽ സർവ്വകലാശാലയിൽ സിസ്റ്റം മാനേജരായി ജോലിയിൽ പ്രവേശിച്ച ശ്രീ.ഹരിലാലിന്റെ പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ , ആരാഗ്യസർവ്വകലാശാല ശാഖയിൽ 2012 നവംബറിൽ ആരംഭിച്ചു.(അക്കൗണ്ട് നം. 32672859482). സർവ്വകലാശാലാ രജിസ്ട്രാറുടെ 04.06.2013 ലെ 6218/Fin/KUHS/2013 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് 27.09.2013 ലെ GO(Rt)No.7579/13/Fin പ്രകാരം പ്രൊവിഡന്റ് ഫണ്ട് സംഖ്യ നിക്ഷേപിക്കുന്നതിനുമാത്രമായി സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ പേരിൽ മെഡിക്കൽ കോളേജ് സബ്ബ് ട്രഷറിയിൽ പ്രത്യേക ട്രഷറി സേവിംങ്ങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാർ അനുമതി ലഭിച്ചു. തുടർന്ന് എസ്.ബി.ഐ യിലെ അക്കൗണ്ട് അവസാനിപ്പിച്ച് നാളതുവരെയുള്ള നീക്കിയിരിപ്പ് തുക 30016/- രൂപ 19.10.2013 ന് ടി.എസ്.ബി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. 24.10.2013 ൽ സർവ്വകലാശാലാ ഫിനാൻസ് ഓഫീസർ, എസ്.ബി.ഐ ബ്രാഞ്ച് മാനേജർക്കയച്ച കത്ത് പ്രകാരം പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിന് 4% മാത്രമാണ് പലിശ ലഭിച്ചതെന്നും, പലിശയിനത്തിൽ ബാക്കി നിൽക്കുന്ന തുക എത്രയും വേഗം സർവ്വകലാശാലക്ക് തിരിച്ചു നൽകണമെന്നും ആവശ്യപ്പെട്ടു. കത്തിന്മേൽ എന്തെങ്കിലും നടപടിയെടുത്തതായോ,

പലിശയിനത്തിൽ എന്തെങ്കിലും തുക സർവ്വകലാശാലക്ക് ലഭിച്ചതായോ പിന്നീട് ഫയലിൽ വിവരങ്ങളൊന്നുമില്ല.

ഈ സാഹചര്യത്തിൽ താഴെകാണുന്ന അപാകതകൾ സർവ്വകലാശാലക്ക് സംഭവിച്ചതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. പെൻഷൻ, പ്രൊവിഡന്റ് ഫണ്ട് എന്നിവക്കായി പ്രത്യേക വ്യവസ്ഥകൾ ഓർഡിനൻസുകൾ മൂലം ഉണ്ടാക്കേണ്ടതാണെന്ന് സർവ്വകലാശാലാ നിയമത്തിൽ പറയുന്നുണ്ട്. കൂടാതെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ടുമായി ബന്ധപ്പെട്ട ഫയലിലെ കുറിപ്പുകൾ പ്രകാരം ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തിനായി കേരള ആരോഗ്യ സർവ്വകലാശാലാ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളതായും ഫിനാൻസ് ഓഫീസർ 29.10.2010-ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള ചട്ടങ്ങൾക്കൊന്നും തന്നെ സർവ്വകലാശാല രൂപം നൽകിയിട്ടില്ല.
2. പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിന് മാത്രമായി ട്രഷറിയിൽ ഒരു ടി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിനുള്ള സർക്കാരിന്റെ അനുമതിക്ക് അപേക്ഷിക്കാതെ, എസ്.ബി.ഐ സർവ്വകലാശാലാ ശാഖയിൽ പ്രൊവിഡന്റ് ഫണ്ടിനായി അക്കൗണ്ട് തുടങ്ങുകയും പലിശയിനത്തിൽ സർവ്വകലാശാലക്ക് നഷ്ടമുണ്ടാക്കുകയും ചെയ്തു.
3. ഒരു വർഷം പൂർത്തിയാക്കിയ എല്ലാ ജീവനക്കാരും പ്രൊവിഡന്റ് ഫണ്ടിൽ അംഗങ്ങളായിരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.
4. ശ്രീ.ഹരിലാലിന്റെ പ്രൊവിഡന്റ് ഫണ്ട് തുക ടിയാൻ മുൻപ് ജോലി ചെയ്തിരുന്ന കാർഷികസർവ്വകലാശാലയിൽ നിന്നും ഈ സർവ്വകലാശാലയിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നില്ല.
5. പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുകയും പെൻഷൻ ഫണ്ട്, പ്രൊവിഡന്റ് ഫണ്ട് എന്നിവക്കാവശ്യമായ വ്യവസ്ഥകൾ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-5) <u>ഗ്രാന്റുകളുടെ വിനിയോഗം - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചു</u>

2010-11 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലക്ക് ശമ്പളേതര ഗ്രാന്റായി 20,00,00,000/- രൂപയും ശമ്പളവും ബത്തകളും നൽകുന്നതിനായി (ശമ്പള ഗ്രാന്റ്) 1,50,00,000/- രൂപയും ലഭിച്ചിട്ടുണ്ട്. ടി തുകകൾ സർവ്വകലാശാലാനിധിയുടെ ഭാഗമാകുന്നതും

അത് ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്യപ്പെട്ട പ്രകാരം വിനിയോഗിക്കേണ്ടതുമാണ് {സർവ്വകലാശാലാ നിയമം 64(1)}. നിധിയിലുള്ള എല്ലാ പണവും സർക്കാർ ട്രഷറിയിലോ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ അതിന്റെ അസോസിയേറ്റുകളിലോ സർക്കാർ നിശ്ചയിക്കുന്ന പരിധിവരെ സൂക്ഷിക്കേണ്ടതുമാണ് {സർവ്വകലാശാലാ നിയമം 64(2)}. ധനകാര്യവകുപ്പിന്റെ 29.08.2009 തിയതിയിലെ സർക്കുലർ 75/2009/ധനം അനുസരിച്ച് എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും സ്വയംഭരണസ്ഥാപനങ്ങളും സർക്കാരിൽനിന്നും സ്വീകരിക്കുന്ന ഫണ്ടുകൾ ട്രഷറിയിൽ തന്നെ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മാത്രമല്ല അങ്ങനെയുള്ള ഫണ്ടുകൾ കമേഴ്സ്യൽ ബാങ്കുകളിലോ സഹകരണബാങ്കുകളിലോ സ്ഥിരനിക്ഷേപമാക്കി സൂക്ഷിക്കുവാൻ പാടുള്ളതല്ല; പകരം, ട്രഷറിയിൽ സ്ഥിരനിക്ഷേപമാക്കി മാറ്റാവുന്നതാണ്. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും, ട്രഷറിക്കു പുറത്ത് സൂക്ഷിച്ച തുകയുടെ പതിനെട്ട് ശതമാനം നിരക്കിൽ പലിശ ഈടാക്കാവുന്നതാണ്.

മേൽ പറഞ്ഞ വ്യവസ്ഥകൾക്കു വിരുദ്ധമായി സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ച് നേരിട്ട് എസ്.ബി.ഐ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് ലഭിച്ച തുക | ട്രഷറിയിൽ നിന്നും പിൻവലിച്ച തിയതി | ട്രാൻസ്ഫർ ചെയ്ത അക്കൗണ്ട് |
|---|---|---|
| 1,50,00,000 | 20.6.2011 | എസ്.ബി.ഐ, കെ.യു.എച്ച് .എസ് ജനറൽ ഫണ്ട് അക്കൗണ്ട് |
| 5,00,00,000 | 03.08.2011 | എസ്.ബി.ഐ, കെ.യു.എച്ച് .എസ് ക്യാമ്പസ് പ്രൊജക്ട് ഫണ്ട് അക്കൗണ്ട് |

## ഭാഗം 2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2..1) കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ പണമിടപാടുകളും കണക്ക് സൂക്ഷിപ്പും യഥാവിധി സംവിധാനപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ വരവിനങ്ങളിലെ കൃത്യത ഉറപ്പാക്കാൻ ഓഡിറ്റിൽ കഴിയുന്നതല്ല.

**2.1.1 രശീതി നൽകാതെയും പണം കൈപ്പറ്റാൻ ആരെയും ഉത്തരവാദിത്വപ്പെടുത്താതെയും പണം തപാലുകൾക്കൊപ്പം സ്വീകരിക്കുന്നു.**

സർവ്വകലാശാലക്കുവേണ്ടി പണം സ്വീകരിക്കാൻ യഥാവിധി നിയുക്തനായ ആളിലൂടെ മാത്രം എല്ലാ വരവുകളും കൈപ്പറ്റുക. ലഭിച്ച എല്ലാ പണത്തിനും അപ്പോൾ തന്നെ ആധികാരികമായ രശീതി നൽകുക. രശീതി നൽകിയ മുഴുവൻ തുകകളും കൃത്യമായി കണക്കിൽ ചേർത്ത് അക്കൗണ്ടിൽ അടവാക്കുക. ഇവയെല്ലാം പൊതുധനപരിപാലനത്തിൽ വിവേചനരഹിതമായി എല്ലായിടത്തും പാലിക്കപ്പെടേണ്ട അടിസ്ഥാന സാമ്പത്തിക പ്രമാണങ്ങൾ ആണ്. കേരള ആരോഗ്യ സർവ്വകലാശാല അവലംബിച്ചുവരുന്ന വരവുകളുടെ സ്വീകരണവും കണക്കുസൂക്ഷിപ്പും സമ്പ്രദായം ഇതിനൊരപവാദമാണ്. ആർക്കും എത്രവേണമെങ്കിലും തുകകൾ, രജിസ്ട്രാറുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ മാറാവുന്ന സി.ഡി കളാക്കി തപാലിലോ നേരിട്ടോ സർവ്വകലാശാലയിൽ നൽകാം. തപാലുകളോടൊപ്പം അവ സ്വീകരിക്കപ്പെടും. തുക ലഭിക്കുന്നത് ഏതിനത്തിലായാലും ഇവ കൈപ്പറ്റുന്നതിനോ കൈപ്പറ്റിയ തുകകൾക്ക് രശീതി നൽകുന്നതിനോ ആരേയും പ്രത്യേകം ചുമതലപ്പെടുത്തിയിട്ടില്ല. ആരും ആർക്കും ഒരുവിധത്തിലുള്ള രശീതിയും നൽകുന്നില്ല. അതിനാൽ 'രശീതി വൗച്ചർ' തയ്യാറാക്കി കണക്കിൽ ചേർത്ത് ബാങ്കിൽ അടവാക്കിയെന്നു ക്യാഷ് ബുക്കിൽ കാണുന്ന തുകകൾ അല്ലാതെ മറ്റ് യാതൊരു തുകകളും സർവ്വകലാശാലയുടെ പേരിൽ ലഭിച്ചിട്ടില്ല എന്നത് സർവ്വകലാശാലാ രേഖകൾ പരിശോധിച്ചുകൊണ്ടുമാത്രം ഉറപ്പ് പറയാൻ കഴിയില്ല.

ഡിമാന്റ് ഡ്രാഫ്റ്റുകൾ സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിലുള്ളതാണെങ്കിൽ രജിസ്ട്രാറുടെ തന്നെ പേരിലുള്ള സർവ്വകലാശാലാ ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ പണമാക്കി മാറ്റാൻ കഴിയൂ എന്ന ബാങ്കിംഗ് സ്ഥാപനങ്ങളുടെ പൊതുധനകാര്യ നടപടിക്രമവ്യവസ്ഥയിൽ മാത്രമാണ് സർവ്വകലാശാലയുടെ വരവുകണക്കുകളുടെ വിശ്വാസ്യത ഇപ്പോൾ ആശ്രയം വെക്കുന്നത്. എന്നാൽ സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിൽ (22.10.10 ന്) ലഭിച്ചതായി കാണുന്ന ഒരു ഡി.ഡി. ഇപ്പോഴും പണമാക്കാതെയും കണക്കിൽ ചേർക്കാതെയും അതേപടി സൂക്ഷിച്ചിരിക്കുന്ന സർവ്വകലാശാലയുടെ ഒരു ഫയൽ ഈ ഓഡിറ്റ് വേളയിലും ലഭിച്ചു എന്നത് - നിലവിൽ തുടർന്നുവരുന്ന സംവിധാനത്തിലെ അപായസാധ്യത എത്രയെന്നതിന്റെ കേവല സൂചന മാത്രമാണ് സാഹചര്യങ്ങളിപ്രകാരമായിരിക്കെ ബാങ്കിലേക്ക് ഡി.ഡി. നൽകുന്നതോടൊപ്പം ഡിമാന്റ് സ്ലിപ്പ് തയ്യാറാക്കുന്നയാൾതന്നെ തയ്യാറാക്കുന്ന രശീതി വൗച്ചറുകൾ മാത്രം അടിസ്ഥാനമാക്കിയുള്ള ഫയൽ ചെയ്യുന്ന സർവ്വകലാശാലയുടെ വരവ് കണക്കുകൾ ഏകപാർശ്വമായതാണെന്നും സമഗ്രത നഷ്ടമാകാനുള്ള സാധ്യത അതിനാൽ ഏറെയാണെന്നും ഓഡിറ്റിൽ വിലയിരുത്തുന്നു.

### 2.1.2 നിയമവിരുദ്ധമായി ആരംഭിച്ചതും പരിപാലിച്ചുവരുന്നതും ആയ ബാങ്ക് അക്കൗണ്ടുകൾ

ട്രഷറിയിലൊ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ SBI യിലൊ അസ്സോസിയേറ്റ് ബാങ്കുകളിൽ ആരംഭിക്കാവുന്നതും അപ്രകാരം അനുവദിച്ച സാമ്പത്തിക പരിധികൾക്കു വിധേയമായി പരിപാലിക്കേണ്ടതുമായ ട്രഷറിയിതര അക്കൗണ്ടുകളിലൊ മാത്രം പണമിടപാടുകൾ നടത്തുന്നതിനാണ് നിയമം സർവ്വകലാശാലയെ അനുവദിച്ചിട്ടുള്ളത്. എന്നാൽ നിയമാനുസൃത അനുവാദനടപടിക്രമങ്ങളേതും പാലിക്കാതെയും സർക്കാരിന്റെയൊ സർവ്വകലാശാലയുടെ തന്നെ അധികാരസ്ഥാനങ്ങളുടെയൊ അനുമതികൾ തേടാതെയും നേടാതെയും കാലാകാലങ്ങളിൽ ഉദ്യോഗസ്ഥർ നേരിട്ട് ആരംഭിച്ചതും പരിപാലിക്കുന്നതുമായ നിരവധി ബാങ്ക് അക്കൗണ്ടുകളിലൂടെയാണ് സർവ്വകലാശാലയുടെ പണമിടപാടുകൾ ഭൂരിഭാഗവും ഇപ്പോൾ നടന്നുവരുന്നത്.

ഈ നിയമലംഘനത്തിന് വിശദീകരണമായി - നിയമവ്യവസ്ഥ പരിപാലിക്കുന്നത് അപ്രായോഗികമാണെന്ന – മറുപടിയാണ് ഓഡിറ്റിന് രേഖാമൂലം നൽകിയിട്ടുള്ളത്. ആരും ഉത്തരവാദപ്പെടാതെയും രശീതി നൽകാതെയും തപാലിലും നേരിട്ടും സ്വീകരിക്കുന്ന ഡി.ഡി. കൾ സർവ്വകലാശാലാ രജിസ്ട്രാറുടെ പേരിലുള്ള സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ടിൽ മാറാമെന്നത് കൂടി പരിഗണിക്കുമ്പോൾ മുൻകൂർ അനുവാദമില്ലാതെ ഉദ്യോഗസ്ഥർ നേരിട്ട് ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചതും പരിധികളില്ലാതെ പരിപാലിക്കപ്പെടുന്നതും ആയ നിലവിലെ സ്ഥിതിവിശേഷം സർവ്വകലാശാലയിൽ സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം നഷ്ടമാക്കുന്നതിലുപരി ധനാപഹരണംപോലും സംഭവിക്കാവുന്ന സന്നിഗ്ദ്ധാവസ്ഥയുടെ ആഴവും പരപ്പും മേൽക്കുമേലാകുന്നു. കുറ്റമറ്റതായവിധത്തിൽ ഓൺലൈൻ-ബാങ്കിംഗ് സംവിധാനത്തിലൂടെ രശീതികൾ നൽകാനും കണക്കുകൾ സൂക്ഷിക്കാനും അനായാസം കഴിയുന്ന ഈ കാലഘട്ടത്തിൽ നിലവിലെ സ്ഥിതി തീർത്തും ആശാസ്യമല്ലെന്ന വസ്തുത എങ്കിലും പ്രായോഗികതലത്തിൽ സർവ്വകലാശാലാ അധികൃതർ പരിഗണിക്കേണ്ടതാണ്.

### 2.1.3 ലഭിക്കേണ്ടതും ലഭിച്ചതും ലഭിക്കാൻ ബാക്കിനിൽക്കുന്നതുമായ(Demand Collection Balance-DCB) ഫീസ് ഇനങ്ങളുടെ കണക്കില്ലായ്മ-ക്രമക്കേടുകളും സാമ്പത്തികനഷ്ടവും

പ്രധാന വരവിനങ്ങളായ ഫീസുകൾ യഥാവിധി നിർണ്ണയിക്കുന്നതിനോ (to fix) ആവശ്യപ്പെടുന്നതിനോ (to demand) പിരിച്ചെടുക്കുന്നതിനോ (to collect) കഴിയാതെ വരികയാലുള്ള കണക്കില്ലായ്മ സർവ്വകലാശാലയുടെ പ്രാരംഭം മുതൽ ഇന്നോളം തുടരുന്നതായാണ് കാണുന്നത്.

സർവ്വകലാശാലയുടെ വിവിധ ഫീസിനങ്ങൾ നിർണ്ണയിക്കുന്നതിൽ ഉണ്ടായ വീഴ്ചകൾ ഒരുഭാഗത്തും - നിർണ്ണയിച്ച ഫീസുകൾക്ക് കൃത്യമായ ഡിമാന്റ് തയ്യാറാക്കി ആവശ്യപ്പെടുന്നതിനും ലഭിച്ചതും ലഭിക്കാൻ നിൽക്കുന്നതുമായ തുകകളുടെ കണക്കുകൾ കാലികമാക്കി സൂക്ഷിക്കുന്നതിലും ഉണ്ടായ വീഴ്ചകൾ മറുഭാഗത്തും ഒത്തുചേർന്നുണ്ടായതാണ്

നിലവിലെ സ്ഥിതിവിശേഷം.

ജീവനക്കാരുടെ കുറവും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ മാതൃസർവ്വകലാശാലയുടെ കോഴ്സുകൾ തുടർന്നുവരുന്നതിലാലുള്ള ഇരട്ട ഭരണനിയന്ത്രണവും ആണ് അപാകതകൾക്ക് കാരണമായി സർവ്വകലാശാലാ ഉദ്യോഗസ്ഥർ പറയുന്നത്. എന്നാൽ ഭരണതലത്തിൽ ഉണ്ടായ വീഴ്ചകളും അനധികൃതനടപടികളും കൊണ്ട് സംഭവിച്ചതാണ് നിലവിലെ സ്ഥിതി എന്നതാണ് ഓഡിറ്റിന്റെ വസ്തുതാപരമായ വിലയിരുത്തൽ.

ഫീസ് നിർണ്ണയിക്കുന്നതിൽ സർവ്വകലാശാലാ അധികാരസ്ഥാനങ്ങൾ യഥാവിധിയുള്ള ചുമതലകൾ പാലിച്ചിട്ടില്ല എന്നാണ് രേഖകളിൽനിന്നും മനസ്സിലാക്കുന്നത്. സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് വൈസ് ചാൻസലറുടെ പ്രത്യേകാധികാരം വിനിയോഗിച്ചുകൊണ്ടുള്ള ഉത്തരവുകളിലൂടെ നിർണ്ണയിച്ച ഫീസ് നിരക്കുകൾ നിയമപരമായി നിലനിൽക്കുന്നതും ആധികാരികവുമായിരുന്നു. എന്നാൽ 2010-11 വർഷം മുതൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഈ നിരക്കുകൾ പക്ഷേ പിന്നീട് അധികാരസ്ഥാനങ്ങൾ നിലവിൽവന്നശേഷം അനധികൃതമായി ഉദ്യോഗസ്ഥതലത്തിൽ ഇളവ് ചെയ്തുകൊണ്ട് ഭേദഗതി ചെയ്ത് ഉത്തരവുകൾ ഇറക്കിയതു മുതലാണ് ഫീസിനങ്ങളിലെ കണക്കില്ലായ്മയും സാമ്പത്തിക നഷ്ടവും ആരംഭിക്കുന്നത്.

നിയമാനുസൃതം - സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ [41(3)iv, 77(1)(vi)] അക്കാദമിക് കൗൺസിലിന്റെ ശുപാർശയനുസരിച്ച് [25(1)(xxii), 41(3)(ii)] ഫീസ് നിർണ്ണയിക്കാനും ഈടാക്കാനും ഉള്ള നടപടിക്രമങ്ങൾ [6(xxxix)] ഗവേണിംഗ് കൗൺസിലിന്റെ മുൻകൈയ്യിൽ ആവിഷ്കരിക്കേണ്ടതാണ്. ഇപ്രകാരം അധികാരസ്ഥാനങ്ങളുടെ അധികാരവും കർത്തവ്യവും യഥാവിധി നിർവ്വഹിക്കപ്പെടാത്തതാണ് അനധികൃതമായ ഉദ്യോഗസ്ഥതല നടപടികൾക്കും നിലവിലെ അവസ്ഥ സംജാതമാകുന്നതിനും കാരണമായത്. [കണക്കില്ലായ്മയുടെയും സാമ്പത്തികനഷ്ടത്തിന്റെയും വിശദവിവരങ്ങൾ - ഖണ്ഡിക 2.3 കാണുക.] ഇപ്രകാരം ഭരണതലവീഴ്ചകളും ക്രമക്കേടുകളും മറച്ചുവക്കുന്നതിനാണ് കീഴ്ജീവനക്കാരായ – ഉദ്യോഗസ്ഥരുടെ കുറവുപോലുള്ള ഇതര കാരണങ്ങൾ സർവ്വകലാശാലാ ഉദ്യോഗസ്ഥർ ഇപ്പോൾ ഉയർത്തിക്കൊണ്ടുവരുന്നത്.

### 2.1.4 വരവിനങ്ങളുടെ കണക്കുസൂക്ഷിപ്പിലെ അപാകങ്ങൾ

ഒരോ സ്ഥാപനവും അടവാക്കേണ്ട തുകകളുടെ ഡിമാന്റ് നോട്ടീസ് തയ്യാറാക്കുകയോ ആവശ്യപ്പെടുകയോ ചെയ്യാതെ പൊതുവായ ഉത്തരവിലൂടെ നിരക്കുകൾ പ്രഖ്യാപിക്കുക മാത്രമേ ചെയ്തുവരുന്നുള്ളൂ (അവയാകട്ടെ ആധികാരികവുമല്ല). ഡിമാന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല. അഫിലിയേഷൻ വിവരങ്ങൾ ചേർത്തിട്ടുള്ള 'അഫിലിയേഷൻ രജിസ്റ്റർ'

എന്ന പേരിലുള്ള രജിസ്റ്ററിലെ വിവരങ്ങൾ ആണ് ഫീസിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കുന്നത്. കൃത്യമായ ഡിമാന്റ് തിരിച്ചറിയാതെയാണ് കിട്ടുന്ന തുകകൾ ഫിനാൻസ് വിഭാഗം അക്കൗണ്ടിൽ ചേർത്ത് വരവ് രേഖപ്പെടുത്തുന്നത്. അതേസമയം വരവുവരുന്ന തുകകളുടെ ആധികാരികതയും ഉദ്ദേശ്യവും തിരിച്ചറിയാതെയും പരിഗണിക്കാതെയും അഫിലിയേഷൻ ഭരണ വിഭാഗങ്ങളിൽ ലഭിച്ച തുകകൾ കിട്ടാനുള്ള തുകകളുടെ പേരിൽ വരവുവന്നതായി പരിഗണിച്ച് രേഖപ്പെടുത്തിയാണ് പിൽകാലത്ത് അഫിലിയേഷന്റെ രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. പലപ്പോഴും ഒരേ ഡി.ഡി. തുക അഫിലിയേഷൻ രജിസ്റ്ററിൽ രണ്ട് സ്ഥാപനങ്ങൾക്ക് ചേർത്തു ആവർത്തിക്കുകവഴി വരവിൽ ഇരട്ടിപ്പുകൾ ഉണ്ടാകുന്നതായിപോലും കാണുന്നുണ്ട്. രേഖകളിലെ അപാകങ്ങൾ ഇപ്രകാരമായിരിക്കെ - ഡിമാന്റും കളക്ഷനും പൊരുത്തപ്പെടാതെയുള്ള DCB പത്രികയാണ് സർവ്വകലാശാല ഓഡിറ്റിന് ലഭ്യമാക്കിയത്. തൻവർഷം കിട്ടേണ്ട തുകകൾക്ക് പുറമെ പുതിയതായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം മുൻകൂറായി ലഭിക്കുന്ന തുകകളും അഫിലിയേഷൻ രജിസ്റ്ററിൽ തൻവർഷത്തെ വരവായി ചേർക്കുക വഴി തുടർവർഷങ്ങളിലേയ്ക്ക് നൽകുന്ന സേവനങ്ങൾക്കായി മുൻകൂർ ലഭിച്ച തുകകളുടെ വിവരം വേർതിരിച്ചറിയാനും സംവിധാനമില്ല. ഇപ്രകാരം യാതൊരുവിധ യുക്തിഭദ്രതയും കൃത്യതയും അവകാശപ്പെടാനില്ലാത്ത കണക്കുസൂക്ഷിപ്പുവിധമാണ് നിലവിലുള്ളത്. വരവിനങ്ങളുടെ കണക്കുസൂക്ഷിപ്പ് എപ്രകാരമായിരിക്കണം എന്നതിൽ ഉചിതമായ പര്യാലോചനകളോ മാർഗ്ഗരേഖകളോ ഇല്ലാതെ-ഇപ്പോൾ തുടർന്നുവരുന്ന അക്കൗണ്ടിംഗ് സമ്പ്രദായം - സാധൂകരിക്കാൻ ഫീസിനത്തിലുള്ള വരവ്കണക്കുകൾ മാത്രം ക്യാഷ് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നത് എന്നതാണ് മറുപടിയായി വിശദീകരണം ലഭിച്ചിട്ടുള്ളത്. സർവ്വകലാശാലയുടെ - അംഗീകരിച്ച അക്കൗണ്ടിംഗ് പോളിസിയിൽ 7-ാം ഇനമായി ഇത് ഉണ്ട് എന്നും (യഥാർത്ഥത്തിൽ ആറ് (6) എണ്ണം മാത്രമേ ഉള്ളൂ) രജിസ്ട്രാറുടെ മറുപടിയിൽ വിശദീകരിക്കുന്നുണ്ട്.

ഇപ്രകാരമുള്ള ഭരണപരമായ വീഴ്ചകൾ വരവ് കണക്കുകളുടെ യാഥാർത്ഥ്യം വെളിപ്പെടാതിരിക്കാനുള്ള ഉപാധിയായാണ് നിലവിൽ ഭവിച്ചിരിക്കുന്നത്. നിയമാനുസൃതം ഭീമമായ തുകകൾ സർവ്വകലാശാലക്കു നൽകേണ്ട സ്വകാര്യ സ്ഥാപനങ്ങൾക്ക് സഹായകമായവിധം കണക്കില്ലാതിരിക്കുകയും, നടപടിക്രമങ്ങൾ യഥാവിധി സ്വീകരിക്കാതിരിക്കുകയോ ചെയ്യുന്നതാണ് മേൽപറഞ്ഞവിധമുള്ള സർവ്വകലാശാലാ ഉദ്യോഗസ്ഥതല നടപടികളുടെ ആത്യന്തികഫലം. അതിനാൽ സർവ്വകലാശാലക്കുണ്ടായ നഷ്ടം ഈടാക്കാൻ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നിയമാനുസൃത നടപടികൾക്ക് ഓഡിറ്റ് ശുപാർശചെയ്യുന്നു.

## 2-2) <u>ഡി.സി.ബി പത്രിക – അപാകതകൾ</u>

**2.2.1 നിർണ്ണയിച്ച എല്ലാ ഇനം ഫീസുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയല്ല തൻവർഷത്തെ ഡി.സി.ബി പത്രിക തയ്യാറാക്കിയിരിക്കുന്നത്.**

2010-11 വർഷം മുതൽ ബാധകമായ ഫീസ് നിർണ്ണയിച്ചുകൊണ്ട് പുറത്തിറക്കിയ 24.03.2010 ലെ 11/അക്കാദമിക്/കുഹാസ്/2010 ഉത്തരവനുസരിച്ച് താഴെ പറയുന്ന വിവിധ ഇനം ഫീസിനങ്ങൾ ഉണ്ട്. എന്നാൽ ആകെ 4 ഇനം ഫീസുകളുടെ ഡി.സി.ബി. മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയ ഡി.സി.ബി പത്രികയിൽ ഉള്ളത്. എല്ലാ വരവിനങ്ങളും ഉൾപ്പെടുത്തി ഡിമാന്റ് തയ്യാറാക്കാത്തതിനാൽ സർവ്വകലാശാലക്ക് തൻവർഷം ലഭിക്കാനുള്ള തുകയുടെ കൃത്യമായ വിവരം ലഭ്യമല്ല.

***പട്ടിക 2: സർവ്വകലാശാലയുടെ ഉത്തരവ് പ്രകാരമുളള ഫീസിനങ്ങളും വാർഷിക കണക്ക് പ്രകാരമുളള ഫീസിനങ്ങളും ഡി.സി.ബി പത്രിക പ്രകാരമുളള ഫീസിനങ്ങളും :***

| **ക്രമ നം.** | **24.03.2010 ലെ 11/അക്കാദമിക്/കുഹാസ്/2010 ഉത്തരവ് പ്രകാരമുളള ഫീസിനങ്ങൾ** | **വാർഷിക കണക്ക് പ്രകാരമുളള ഫീസിനങ്ങൾ** | **ഡി.സി.ബി പത്രിക പ്രകാരമുള്ള ഫീസിനങ്ങൾ** |
|---|---|---|---|
| 1 | അപേക്ഷാഫോറത്തിന്റെ വില | അഫിലിയേഷൻ ഫീസ് | അഫിലിയേഷൻ ഫീസ് |
| 2 | അപേക്ഷാ രജിസ്ട്രേഷൻ ഫീസ് | വാർഷിക ഭരണ ഫീസ് | വാർഷിക ഭരണ ഫീസ് |
| 3 | സീറ്റ് വർദ്ധനവിനുള്ള അപേക്ഷാ ഫീസ് | അപേക്ഷാ രജിസ്ട്രേഷൻ ഫീസ് | അപേക്ഷാ രജിസ്ട്രേഷൻ ഫീസ് |
| 4 | കോളേജുകളും കോഴ്സുകളും അനുവദിക്കുമ്പോഴുള്ള അഫിലിയേഷൻ ഫീസ് | അഫിലിയേഷൻ തുടരനുമതി ഫീസ് | അഫിലിയേഷൻ തുടരനുമതി ഫീസ് |
| 5 | അഫിലിയേഷൻ അനുമതിക്കുള്ള/ NOC ക്കുള്ള അപേക്ഷാ ഫീസ് | സീറ്റ് വർദ്ധനക്കുള്ള ഫീസ് | |
| 6 | NOC അനുവദിക്കുന്നതിനുള്ള പരിശോധനാ ഫീസ് | സ്റ്റുഡൻസ് രജിസ്ട്രേഷൻ ഫീസ് | |
| 7 | പരിശോധനാ കമ്മീഷൻ ഫീസ് | പരിശോധനാ ഫീസ് | |
| 8 | സ്റ്റുഡൻസ് അഫിലിയേഷൻ ഫീസ് | മറ്റ് ഫീസുകൾ | |
| 9 | പ്രൊവിഷണൽ അഫിലിയേഷൻ/അഫിലിയേഷൻ തുടരനുമതി ഫീസ് | | |
| 10 | അഫിലിയേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾക്കുള്ള ഫീസ് | | |
| 11 | പെർമനന്റ് അഫിലിയേഷൻ ഫീസ് | | |

| | | | |
|---|---|---|---|
| 12 | കോളേജുകളിൽ ബ്രാഞ്ച് / വിഷയം മാറ്റുന്നതിനുള്ള ഫീസ് | | |
| 13 | ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | | |
| 14 | ഫിനാൻഷ്യൽ ഗ്യാരണ്ടി (ബാങ്ക് ഗ്യാരണ്ടി) | | |

**2.2.2 വരവ് വന്ന തുകകളിലെ വ്യത്യാസം**

ഓഡിറ്റിന് ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരമുള്ള ഫീസിനങ്ങളിലെ വരവുതുകയും 2010-11 വാർഷിക കണക്ക് പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല. കണക്കുകളിലെ ഈ പൊരുത്തക്കേടുമൂലം തൻവർഷത്തെ ആകെ വരവിന്റേയും പിരിഞ്ഞുകിട്ടാനുള്ള തുകയുടേയും കൃത്യത ഉറപ്പാക്കാനായിട്ടില്ല. പട്ടിക 3 കാണുക.

**പട്ടിക 3: ഡി.സി.ബി പ്രകാരമുള്ള വരവും വാർഷിക കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം:**

| ക്രമ നം. | ഇനം | വാർഷിക കണക്കുപ്രകാരം ലഭിച്ച തുക | ഡി.സി.ബി പ്രകാരം ലഭിച്ച തുക | വ്യത്യാസം |
|---|---|---|---|---|
| 1 | അഫിലിയേഷൻ ഫീസ് | 3,22,74,750 | 1,07,30,000 | 21544750 |
| 2 | വാർഷിക ഭരണ ഫീസ് | 36,55,000 | 1,74,10,750 | 13755750 |
| 3 | അപേക്ഷാ രജിസ്ട്രേഷൻ ഫീസ് | 2,18,31,025 | 3,28,08,000 | 10976975 |
| 4 | അഫിലിയേഷൻ തുടരനുമതി ഫീസ് | 31,94,450 | 95,65,700 | 6371250 |
| 5 | സീറ്റ് വർദ്ധനക്കുള്ള ഫീസ് | 7,90,000 | - | 790000 |
| 6 | സ്റ്റുഡൻസ് രജിസ്ട്രേഷൻ ഫീസ് | 1,14,96,425 | - | 11496425 |
| 7 | പരിശോധനാ ഫീസ് | 51,32,000 | - | 5132000 |
| 8 | മറ്റ് ഫീസുകൾ | 46,800 | - | 46800 |
| | ആകെ | 78420450 | 70514450 | 7906000 |

**2.2.3. ലഭിക്കാനുള്ള തുകയുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.**

ഓഡിറ്റിന് ലഭ്യമാക്കിയ 2010-11 ലെ ഡി.സി.ബി. പത്രിക പ്രകാരം 3,51,59,260/- രൂപ പിരിഞ്ഞുകിട്ടാനുള്ളതായി കാണുന്നുണ്ട്. എന്നാൽ ഈ തുക തൻവർഷത്തെ ബാലൻസ്ഷീറ്റിൽ ആസ്തിഭാഗത്ത് കിട്ടാനുള്ളതായി കാണിച്ചിട്ടില്ല. കൂടാതെ മുൻകൂർ ലഭിച്ച

തുകകളുടെ വിവരം ബാധ്യതാകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ സർവ്വകലാശാലയുടെ ആസ്തിബാധ്യതയുടെ യഥാർത്ഥ വിവരം വാർഷിക കണക്കിലൂടെ ലഭിക്കുന്നില്ല.

**2.2.4.ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസ്-എല്ലാ കോഴ്സുകൾക്കും നിരക്ക് നിശ്ചയിച്ചില്ല.**

2010-11 വർഷം മുതൽ ബാധകമായ ഫീസ് നിർണ്ണയിച്ചുകൊണ്ട് പുറത്തിറക്കിയ 24.03.2010 ലെ 11/അക്കാദമിക്/കുഹാസ്/2010 ഉത്തരവിൽ ആനുവൽ അഡ്മിനിസ്ട്രേഷൻ ഫീസിനത്തിൽ താഴെപറയുന്ന ചില കോഴ്സുകൾക്ക് ഫീസ് നിർണ്ണയിച്ചതായി കാണുന്നില്ല.

1. പോസ്റ്റ് ബേസിക് ബി.എസ്.സി.നഴ്സിങ്ങ്
2. ആയുർവേദ പി.ജി.കോഴ്സുകൾ
3. ഹോമിയോ പി.ജി. കോഴ്സുകൾ
4. പാരാമെഡിക്കൽ പി.ജി. കോഴ്സുകൾ

ഇക്കാരണത്താൽ ഈ കോഴ്സുകളുടെ ഫീസ് ഏതുനിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുമെന്നതിൽ അവ്യക്തതയുണ്ട്. എന്നാൽ ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറത്തിറക്കിയ 31.03.2011 ലെയും 21.06.2011 ലെയും ഉത്തരവുകളിൽ ( 617/A1/1/KUHS/2010 Dated.31.03.2011 & 21.06.2011) ഈ കോഴ്സുകൾക്ക് പ്രത്യേകം നിരക്ക് കൊടുത്തിട്ടുണ്ട്.

**2.2.5. കോഴ്സുകളുടെയും കോളേജുകളുടെയും എണ്ണം പൊരുത്തപ്പെടുന്നില്ല.**

ആകെ എത്ര കോളേജുകൾ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട് എത്ര കോഴ്സുകൾ നിലവിലുണ്ട് എന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു കണക്കും സർവ്വകലാശാലയിൽ ഇല്ല. 2010-11 ൽ ഡി.സി.ബി. പത്രിക പ്രകാരമുള്ള കോളേജുകളുടെ എണ്ണവും വിദ്യാർത്ഥികളുടെ അഡ്മിഷൻ സംബന്ധിച്ച രജിസ്റ്ററിലെ കോളേജുകളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. അഫിലിയേഷൻ ലിസ്റ്റിലെ കോളേജുകളുടെയും കോഴ്സുകളുടെയും സീറ്റുകളുടെ എണ്ണവും ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങളിലുള്ള ഔദ്യോഗികമായി അനുവദിക്കപ്പെട്ടതായി കാണുന്ന കോളേജുകളുടെയും കോഴ്സുകളുടെയും സീറ്റുകളുടെയും എണ്ണവും തമ്മിൽ സാരമായ വ്യത്യാസമുണ്ട്.

***പട്ടിക 4: അഫിലിയേഷൻ ലിസ്റ്റ് പ്രകാരമുള്ള കോളേജുകളുടെ എണ്ണവും ഡി.സി.ബി.പത്രിക***

***പ്രകാരമുള്ള എണ്ണവും:***

| കോഴ്സുകൾ | 31.03.2011 വരെ അഫിലിയേറ്റ് ചെയ്ത കോളേജുകളുടെ എണ്ണം | ഡി.സി.ബി പത്രിക പ്രകാരമുള്ള കോളേജുകളുടെ എണ്ണം |
|---|---|---|
| എം.ബി.ബി.എസ് | 22 | 22 |
| ബി.എ.എം.എസ് | 16 | 16 |
| ബി.എച്ച്.എം.എസ് | 5 | 5 |
| ബി.എസ്.എം.എസ് | 1 | 1 |
| ബി.ഡി.എസ് | 22 | 22 |
| നഴ്സിംഗ് | **91** | **93** |
| പാരാമെഡിക്കൽ | **22** | **29** |
| ബി ഫാം | **26** | **28** |

**2.2.6. പിഴ യഥാവിധി ചുമത്തിയതായി കാണുന്നില്ല**

ഫീസ് നിർണ്ണയിച്ച ഉത്തരവുകളാൽ വൈകി അടവാക്കുന്ന തുകക്ക് പലിശ ഈടാക്കുന്നതാണെന്ന് പരാമർശിക്കുന്നുണ്ട്. വൈകി ലഭിക്കുന്ന അപേക്ഷകളുടെ തീർപ്പാക്കലിന് പിഴ ചുമത്തിയതായി കാണുന്നില്ല. വാർഷികകണക്കിൽ വരവുകളിലും പിഴ ഒരു ഇനമായി ചേർത്തു കാണുന്നില്ല. ഈ ഇനത്തിന്റെ ഡി.സി.ബി. പത്രികയും തയ്യാറാക്കിയിട്ടില്ല.

**2.2.7. ഓഡിറ്റ് ശുപാർശകൾ**

1. കോഴ്സുകളും കോളേജുകളും - അന്തിമ പട്ടിക പ്രസിദ്ധീകരിക്കണം

2. പ്രാബല്യത്തിലുണ്ടായിരുന്ന ഉത്തരവുകൾ പരിശോധിച്ച് എല്ലാ ഫീസിനങ്ങൾക്കുമുള്ള 2010-11 വർഷം മുതലുള്ള ഡിമാന്റ് തയ്യാറാക്കണം.

3. വരവുകളെ തൻവർഷം, മുൻകൂർ, അധികവരവ് എന്നിങ്ങനെ വേർതിരിച്ച് കണക്ക് തയ്യാറാക്കണം. മുൻകൂറുകളും അധികവരവും ശൂണശീർഷ കണക്കിൽ പെടുത്തി വാർഷിക കണക്ക് തയ്യാറാക്കേണ്ടതാണ്.

4. എല്ലാ ഫീസിനങ്ങൾക്കും ഡി.സി.ബി. പത്രിക തയ്യാറാക്കി കിട്ടുവാനുള്ള തുകയും കൊടുക്കുവാനുള്ള തുകയും ബാലൻസ് ഷീറ്റിൽ യഥാക്രമം ആസ്തി-ബാധ്യത കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. അധികവരവ്, മുൻകൂർ തുടർ വർഷങ്ങളിലെ ഫീസിലേക്ക് ക്രമീകരിക്കുന്നതിന് നടപടിക്രമവും നയവും രൂപീകരിക്കണം.

## 2.-3) <u>അനധികൃതമായി ഫീസിളവ് നൽകി. നഷ്ടം 7,37,94,850/- രൂപ</u>

സർവ്വകലാശാലയുടെ മുഖ്യ അധികാരസ്ഥാനമായ ഗവേണിംഗ് കൗൺസിലിന്റെ പ്രഥമയോഗം ചേർന്നത് 29.05.2010 നാണ്. 07.12.2009 ന് പ്രവർത്തനമാരംഭിച്ച സർവ്വകലാശാലയുടെ പ്രധാന വരവിനങ്ങളായ അഫിലിയേഷൻ ഫീസുകൾ, സർവ്വകലാശാല അധികാരസ്ഥാനങ്ങൾ നിലവിൽവരുന്നതിനുമുമ്പ് വൈസ് ചാൻസലറുടെ പ്രത്യേകാധികാരം വിനിയോഗിച്ചുള്ള (24.03.2010 ലെ നമ്പർ 11/അക്കാദമിക്/KUHAS/2010) ഉത്തരവിലൂടെ നിർണ്ണയിച്ചിരുന്നു . 2010-11 വർഷം പ്രാബല്യത്തിൽ ഉണ്ടായിരുന്ന ഈ നിരക്കുകൾ പിന്നീട് -അധികാരസ്ഥാനങ്ങൾ നിലവിൽ ഉണ്ടായിരിക്കെ- ചില സ്ഥാപനങ്ങൾക്ക് ഇളവ് നൽകികൊണ്ട് നിരവധി ഭേദഗതി ഉത്തരവുകൾ ഉദ്യോഗസ്ഥർ തന്നെ അനധികൃതമായി പുറപ്പെടുവിക്കുകയുണ്ടായി. തുടർന്നു 21.06.2011 ലെ 617/A1/1/KUHS/2010 നമ്പർ ഉത്തരവിൽ കേരളത്തിലെ ഇതര സർവ്വകലാശാലകളിൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകളിൽ നിന്നും വലിയ അന്തരമുള്ള ഇളവ് ചെയ്ത ടി ഫീസ് നിരക്കുകൾ 2010-11 വർഷം മുതൽ മുൻകാല പ്രാബല്യത്തോടെ പുനർക്രമീകരിച്ചതിലൂടെ സർവ്വകലാശാലക്ക് ഗണ്യമായ സാമ്പത്തികനഷ്ടം സംഭവിച്ചിട്ടുണ്ട്. 21.06.2011 ലെ ഈ ഉദ്യോഗസ്ഥതല ഉത്തരവ് ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതായി മിനിറ്റ്സ് ബുക്കിൽ കാണുന്നില്ല. മാത്രമല്ല പരോക്ഷമായെങ്കിലും സർക്കാരിന് സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കാവുന്ന തീരുമാനങ്ങൾക്ക് -അതായത് ഫീസിളവ് നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്നതാണ് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ നിയമത്തിലെ വ്യവസ്ഥ. [വകുപ്പ് 77.1 (VI)]. ഇവിടെ അനുമതിക്കായി സർക്കാരിനെ സമീപിക്കുകയോ, ഗവേണിംഗ് കൗൺസിലിന്റെ പോലും അനുമതി ലഭ്യമാക്കുകയോ ചെയ്യാതെയാണ് ഉദ്യോഗസ്ഥതലത്തിൽ ഫീസിളവ് നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിലുള്ള ഫീസ് നിരക്കിൽ ഇളവ് അനുവദിക്കാൻ അധികാരസ്ഥാനങ്ങൾക്കുതന്നെ സ്വതന്ത്രമായ അധികാരമില്ലാതിരിക്കെ, മേൽ പരാമർശിച്ചവിധമുള്ള ഉദ്യോഗസ്ഥതല നടപടികളെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ അധികാരവിനിയോഗത്തിലെ ഗുരുതര അപാകമായി ഓഡിറ്റ് വിലയിരുത്തുന്നു.

2010-11 ലെ ഫീസ് നിരക്കുകൾ പുതുക്കിനിശ്ചയിച്ചതായി പറയുന്ന 21.06.2011 ലെ ഉത്തരവ് പരിശോധിച്ചതിൽ ഈ ഉത്തരവ് നിയമാനുസൃതം സാധുവായതല്ല എന്നും ഈ

ഉത്തരവനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുകവഴി തൻവർഷം വാർഷിക ഭരണനിർവ്വഹണ ഫീസ് (Annual Administration Fee) ഇനത്തിൽമാത്രം 7,37,94,850/- രൂപയുടെ നഷ്ടം ഉണ്ടായതായും (പട്ടിക 5 കാണുക) ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച "കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയിലെ അഫിലിയേഷൻ നടപടികളുടെ കാര്യക്ഷമത" എന്ന വിഷയത്തിലുള്ള പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. (LF.(KUHS).E1/375/2014 തിയതി 30.06.2014). ഈ പരാമർശത്തിന് സർവ്വകലാശാലാ രജിസ്ട്രാർ ലഭ്യമാക്കിയ മറുപടിയിൽ 21.06.2011 ലെ ഉത്തരവിന് 4.6.11 ലെ 4-ാമത് ഗവേണിംഗ് കൗൺസിൽ മീറ്റിംഗിന്റെ അംഗീകാരമുള്ളതായി സൂചിപ്പിക്കുന്നുണ്ട് . എന്നാൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാത്തതിനാലും ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചുവെന്ന പരാമർശം വസ്തുതാപരമല്ലാത്തതിനാലും ഈ മറുപടി ഓഡിറ്റിന് സ്വീകരിക്കാൻ നിർവ്വാഹമില്ല. തന്നെയുമല്ല ഓഡിറ്റ് റിപ്പോർട്ടും ടി മറുപടിയും ഗവേണിംഗ് കൗൺസിൽ അംഗീകരിച്ചതായി കാണുന്നില്ല. ആയതിനാൽ മേൽ പരാമർശം പ്രകാരം സർവ്വകലാശാലാ ഫണ്ടിന് സംഭവിച്ച നഷ്ടം ഇത്തരം നിയമവിരുദ്ധ നടപടികൾ ഉണ്ടാകുന്നത് തടയാൻ കഴിയാതിരുന്നതോ അഥവാ ഈവിധ അനധികൃത നടപടികൾക്ക് ഉത്തരവാദികളോ ആയ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരായ ഫിനാൻസ് ഓഫീസർ, രജിസ്ട്രാർ, പ്രൊ.വൈസ് ചാൻസലർ, വൈസ് ചാൻസലർ എന്നിവരുടെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റ് വിലയിരുത്തുകയും നഷ്ടോത്തരവാദികളായ ഈ ജീവനക്കാരിൽനിന്നും തുല്യമായി ഈ തുക ഈടാക്കുവാൻ നടപടികൾക്ക് ശുപാർശചെയ്യുകയും ചെയ്യുന്നു.

***പട്ടിക 5: അനധികൃതനടപടികൾ മൂലം വാർഷിക ഭരണനിർവ്വഹണ ഫീസിനത്തിലുണ്ടായ നഷ്ടം :***

| **കോഴ്സുകൾ** | **30.10.2010 ലെ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച നിരക്കുകൾ** | **21.6.2011 ലെ 617/A1/1/KUHS/2010 ഉത്തരവ് പ്രകാരം ഡിമാന്റ്** | **നഷ്ടമായി കണക്കാക്കുന്ന സംഖ്യ** |
|---|---|---|---|
| MBBS | 17000000 | 4250000 | 12750000 |
| BAMS | 5500000 | 1375000 | 4125000 |
| BHMS | 500000 | 125000 | 375000 |
| BSMS | 500000 | 125000 | 375000 |
| BDS | 9500000 | 2375000 | 7125000 |
| Bsc NURSING | 44000000 | 10637500 | 33362500 |

| | | | |
|---|---|---|---|
| Bsc MLT/BPT/Optometry | 6000000 | 686400 | 5313600 |
| B Pharm | 12000000 | 1631250 | 10368750 |
| **TOTAL** | **95000000** | **21205150** | **73794850** |

(വിശദാംശങ്ങൾക്ക് അനുബന്ധം 1 കാണുക.)

## 2-4) അഫിലിയേഷൻ യഥാവിധി ക്രമീകരിച്ചില്ല : ഫീസിനത്തിൽ നഷ്ടം - ₹ 7,20,83,000

07.12.2009 ൽ പ്രാബല്യത്തിൽ വന്ന ആരോഗ്യശാസ്ത്ര സർവ്വകലാശാല ഓർഡിനൻസ് പ്രകാരം രൂപീകൃതമായ സർവ്വകലാശാല നിലവിൽ വന്നതോടുകൂടി 06.12.2009 വരെ സംസ്ഥാനത്തെ ഇതര സർവ്വകലാശാലകളുടെ പ്രത്യേകാവകാശങ്ങൾ അനുഭവിച്ചും അഫിലിയേഷൻ വഴിയും പ്രവർത്തിച്ചുവന്നിരുന്ന ഈ രംഗത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ (അവയിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർഥികൾ ഒഴികെ) പുതിയ സർവ്വകലാശാലയിലേക്ക് സ്വയമേവ അഫിലിയേറ്റ് ചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു.അന്നു മുതൽ ഈ സർവ്വകലാശാലയിലേക്ക് സ്വയമേവ അഫിലിയേറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെയും കോളേജുകളുടെയും അഫിലിയേഷൻ തുടർനടപടികൾക്കുള്ള ഉത്തരവാദിത്വം ഈ സർവ്വകലാശാലയിൽ നിക്ഷിപ്തമാണ്. അന്നേദിവസം മുതൽ സ്വയമേവ അഫിലിയേറ്റ് ചെയ്യപ്പെട്ടു ഈ സർവ്വകലാശാലയിൽ തുടർന്നുവരുന്ന 246 കോഴ്സുകളിൽ 201 എണ്ണം 2009-10 ലെ അഫിലിയേഷൻ ഇല്ലാതെയാണ് മാതൃസർവ്വകലാശാലയിൽ നിന്ന് ഈ സർവ്വകലാശാലയിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടത് . 29.05.2010 ലെ ഗവേണിംഗ് കൗൺസിൽ തീരുമാനിച്ച പ്രകാരം 04.06.2010 ലെ 56/Acad/G.C.7/2010 നമ്പർ ഉത്തരവിലൂടെ ഈ സ്ഥാപനങ്ങളെ (07.12.2009 ലെ അഫിലിയേഷൻ തൽസ്ഥിതിയിൽ) സർവ്വകലാശാലയുടെ പരിശോധനകൾക്ക് വിധേയമായി അഫിലിയേറ്റ് ചെയ്ത് ഉത്തരവായിട്ടുള്ളതാണ്. തൊട്ടു മുൻവർഷത്തെയെങ്കിലും അഫിലിയേഷൻ ക്രമീകരിച്ചുകൊണ്ടുമാത്രമേ അഫിലിയേഷൻ തുടർച്ചാനുമതി നൽകാനാകൂ എന്നിരിക്കെ,

പരിവർത്തനത്തിലൂടെ കൈമാറിക്കിട്ടിയ 246 കോഴ്സുകളിൽ 201 എണ്ണവും 2009-10 ലേതടക്കം നിരവധി പൂർവ്വവർഷങ്ങളിലെ (മാതൃസർവ്വകലാശാലകളുടെ) അഫിലിയേഷൻ തുടർച്ചാനുമതി ഇല്ലാത്തവയാണ് (പട്ടിക 6 കാണുക). ആയവ 2009-10 ൽ പുതിയ സർവ്വകലാശാലയിലെങ്കിലും ക്രമീകരിക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യേണ്ടത് ഈ സർവ്വകലാശാലയുടെ പ്രാഥമിക കർത്തവ്യമായിരുന്നു. എന്നാൽ ഇത്തരമൊരു നടപടി സർവ്വകലാശാല നാളിതുവരെ സ്വീകരിച്ചതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനങ്ങളെ ഈ സർവ്വകലാശാലയിലേക്ക് അഫിലിയേറ്റ് ചെയ്തതിനൊപ്പം അവയുടെ 2009-10 വർഷത്തെ അഫിലിയേഷൻ ക്രമീകരണമെങ്കിലും നിയമപരമായി നടപ്പാക്കിയിരുന്നുവെങ്കിൽ സർവ്വകലാശാലക്ക് ലഭിക്കുമായിരുന്ന തുക കണക്കാക്കി (24.03.2010 ലെ ഉത്തരവിലെ ഫീസ് നിരക്കുകൾ പ്രകാരം) പട്ടികപ്പെടുത്തിയത് താഴെ ചേർക്കുന്നു (പട്ടിക 7 കാണുക). അതിനാൽ സ്വയമേവ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ അഫിലിയേഷൻ തൽസ്ഥിതി ക്രമീകരിക്കുന്നതിലേക്ക് 24.03.2010 ലെ 11/Academic/KUHAS/2010 ഉത്തരവനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കാത്തതുമൂലമുള്ള നഷ്ടമായി നിജപ്പെടുത്തിയ 7,20,83,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥരായ ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ സർവ്വകലാശാലാ അധികാരസ്ഥാനങ്ങൾ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഈ കാര്യാലയത്തിൽ നിന്നും പുറപ്പെടുവിച്ച 'അഫിലിയേഷൻ നടപടികളുടെ കാര്യക്ഷമത' എന്ന വിഷയത്തിലുള്ള പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിൽ (LF(KUHS) E1-375/2014 dt.30.06.2014) പരാമർശിച്ചിരുന്നു. ഇതിന് നാളിതുവരെ സർവ്വകലാശാല തൃപ്തികരമായ മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

സർവ്വകലാശാലാ നിയമം 78(2) പ്രകാരം സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റേയോ, നികായത്തിന്റേയോ,ഉദ്യോഗസ്ഥന്റേയോ ഭാഗത്തുനിന്നുള്ള , ഈ ആക്ടിന്റേയോ, സ്റ്റാറ്റ്യൂട്ടുകളുടെയോ, ഓർഡിനൻസുകളുടെയോ , റഗുലേഷനുകളുടെയോ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ, ഉത്തമവിശ്വാസത്തിൽ ചെയ്തതല്ലാത്ത ഏതെങ്കിലും നടപടികളിലൂടെ, അല്ലെങ്കിൽ അവയ്ക്ക് അനുസൃതമായി നടപടിയെടുക്കാൻ പരാജയപ്പെട്ടതുകൊണ്ടോ, അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുള്ള മന:പൂർവ്വമായ ഉപേക്ഷയോ വീഴ്ചയോ മൂലം സർവ്വകലാശലക്ക് ഹാനിയോ നാശമോ ഉണ്ടായിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള പരാതിയോ നഷ്ടമോ സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നടപടിക്രമമനുസരിച്ച്,

കൂട്ടായോ വെവ്വേറെയോ അധികാരസ്ഥാനത്തിൽ നിന്നോ നികായത്തിൽ നിന്നോ അതിന്റെ ബന്ധപ്പെട്ട അംഗങ്ങളിൽനിന്നോ അതതുസംഗതിപോലെ ഈടാക്കേണ്ടതാണ്. അതിനാൽ വീഴ്ചവരുത്തിയ സർവ്വകലാശാല ഉദ്യോഗസ്ഥർക്കെതിരെ നഷ്ടം ഈടാക്കാൻ നടപടിയെടുത്ത് റിപ്പോർട്ട് ചെയ്യുന്നതിന് ശുപാർശ ചെയ്യുന്നു.

***പട്ടിക 6: സ്വയമേവ അഫിലിയേറ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ ഗവേണിംഗ് കൗൺസിലിന് ലഭ്യമായതിന്റെ വിവരങ്ങൾ***

| വിഭാഗം | ആകെ | | നിലവിലുള്ള അഫിലിയേഷന്റെ വിവരം ലഭ്യമായവ | | | വിവരങ്ങൾ ലഭ്യമല്ലാത്തവ | | |
|---|---|---|---|---|---|---|---|---|
| കോഴ്സുകൾ | കോഴ്സുകൾ | സീറ്റുകൾ | കോഴ്സുകൾ | സീറ്റുകൾ | ശതമാനം | കോഴ്സുകൾ | സീറ്റുകൾ | ശതമാനം |
| അലോപ്പതി ബിരുദം | 22 | 2450 | 3 | 300 | 12 | 19 | 2150 | 88 |
| ഡിപ്ലോമ അടക്കമുള്ള ബിരുദാനന്തര ബിരുദം | 19 | 413 | - | - | - | 19 | 413 | 100 |
| ഡെന്റൽ സയൻസ് | 26 | 1806 | 10 | 428 | 38.6 | 16 | 1378 | 61.4 |
| ആയുർവേദം | 20 | 815 | 4 | 150 | 18.4 | 16 | 665 | 81.6 |
| സിദ്ധ | 1 | 50 | - | - | - | 1 | 50 | 100 |
| ഹോമിയോ | 7 | 286 | - | - | - | 7 | 286 | 100 |
| നഴ്സിംഗ് | 98 | 4377 | 16 | 716 | 16.3 | 82 | 3661 | 83.6 |
| ഫാർമസി | 30 | 1383 | 7 | 325 | 23.4 | 23 | 1058 | 76.51 |
| അനുബന്ധ ശാസ്ത്രങ്ങൾ | 23 | 569 | 5 | 144 | 25.3 | 18 | 425 | 74.7 |
| ആകെ | 246 | 12149 | 45 | 2063 | 16.9 | 201 | 10086 | 83.0 |

***പട്ടിക 7: 4.6.2010 ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയുടെ 56/അക്കാദമിക്/ജി,സി.-7/2010 ഉത്തരവ് പ്രകാരം അഫിലിയേറ്റ് ചെയ്തവയിൽ - 2009-10 വർഷം അഫിലിയേഷൻ ക്രമീകരണനടപടികൾ ആവശ്യമാകുന്ന സ്ഥാപനങ്ങളിൽനിന്നും 11/അക്കാദമിക്/കഹാസ്/2010 തിയതി 24.3.2010 ഉത്തരവ് പ്രകാരം ലഭ്യമാകേണ്ട തുകകൾ***

| വിഭാഗം | ഗവ. സ്ഥാപനങ്ങൾ | എയ്ഡഡ് | അൺ എയ്ഡഡ്/ സെൽഫ് ഫിനാൻസിംഗ് | അപേക്ഷാ ഫീസ് | ഇൻസ്പെക്ഷൻ ഫീസ് | കണ്ടിന്യുവേഷൻ ഓഫ് അഫിലിയേഷൻ ഫീസ് | ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | ആകെ |
|---|---|---|---|---|---|---|---|---|
| എം.ബി.ബി.എസ് | 5 | 0 | 13 | 18000 | 27000 | 440000 | 1300000 | 1785000 |
| ഡി.എം | 11 | 0 | 0 | 11000 | 16500 | 330000 | 0 | 357500 |
| എം.സിഎച്ച് | 16 | 0 | 0 | 16000 | 24000 | 160000 | 0 | 200000 |
| എം.ഡി | 57 | 0 | 0 | 57000 | 85500 | 570000 | 0 | 712500 |

| വിഭാഗം | ഗവ. സ്ഥാപനങ്ങൾ | എയ്ഡഡ് | അൺ എയ്ഡഡ്/ സെൽഫ് ഫിനാൻസിംഗ് | അപേക്ഷാ ഫീസ് | ഇൻസ്പെക്ഷൻ ഫീസ് | കണ്ടിന്യുവേഷൻ ഓഫ് അഫിലിയേഷൻ ഫീസ് | ആന്വൽ അഡ്മിനിസ്ട്രേഷൻ ഫീസ് | ആകെ |
|---|---|---|---|---|---|---|---|---|
| എം.എസ് | 15 | 0 | 0 | 15000 | 22500 | 150000 | 0 | 187500 |
| പി.ജി.ഡിപ്ലോമ | 19 | 0 | 0 | 19000 | 28500 | 190000 | 0 | 237500 |
| ബി.ഡി.എസ് | 1 | 0 | 12 | 13000 | 19500 | 370000 | 6000000 | 6402500 |
| എം.ഡി.എസ്. | 4 | 0 | 1 | 5000 | 7500 | 70000 | 0 | 82500 |
| ബി.എ.എം.എസ് | 1 | 0 | 13 | 14000 | 21000 | 400000 | 6500000 | 6935000 |
| എ.എസ്(ആയ്യൂർ) | 2 | 0 | 0 | 2000 | 3000 | 20000 | 0 | 25000 |
| ബി.എച്ച.എം.എസ് | 2 | 2 | 1 | 5000 | 7500 | 50000 | 500000 | 562500 |
| ബി.എസ്.സി നഴ്സിംഗ് | 4 | 0 | 63 | 67000 | 100500 | 1930000 | 31500000 | 33597500 |
| പോസ്റ്റ് ബെയ്സിക് | 0 | 0 | 4 | 4000 | 6000 | 120000 | 400000 | 530000 |
| ബി.എസ്.സി.എം.എൽ.ടി | 0 | 0 | 6 | 6000 | 9000 | 180000 | 1500000 | 1695000 |
| ബി.പി.ടി | 0 | 0 | 6 | 6000 | 9000 | 180000 | 1500000 | 1695000 |

| വിഭാഗം | ഗവ. സ്ഥാപനങ്ങൾ | എയ്ഡഡ് | അൺ എയ്ഡഡ്/ സെൽഫ് ഫിനാൻസിംഗ് | അപേക്ഷാ ഫീസ് | ഇൻസ്പെക്ഷൻ ഫീസ് | കണ്ടിന്യുവേഷൻ ഓഫ് അഫിലിയേഷൻ ഫീസ് | ആനുവൽ അഫ്ലിയേഷൻ ഫീസ് | ആകെ |
|---|---|---|---|---|---|---|---|---|
| ബി.എസ്.സി ഒപ്റ്റോമെട്രി | 0 | 0 | 1 | 1000 | 1500 | 30000 | 250000 | 282500 |
| എം.എസ്.സി ഫിസിയോളജി | 0 | 0 | 1 | 1000 | 1500 | 30000 | 100000 | 132500 |
| എം.എച്ച്.എ | 0 | 0 | 1 | 1000 | 1500 | 30000 | 100000 | 132500 |
| ബി.എ.എസ്.എൽ.പി | 0 | 0 | 1 | 1000 | 1500 | 30000 | 250000 | 282500 |
| എം.എസ്.സി ബയോകെമിസ്ട്രി | 0 | 0 | 1 | 1000 | 1500 | 30000 | 100000 | 132500 |
| ബി. ഫാം | 3 | 0 | 15 | 8000 | 7500 | 150000 | 7500000 | 7665500 |
| എം ഫാം | 2 | 0 | 8 | 10000 | 15000 | 260000 | 6000000 | 6285000 |
| ബി.എസ്.എം.എസ് | 0 | 0 | 1 | 1000 | 1500 | 30000 | 500000 | 532500 |
| ആകെ | | | | | | | | **72083000** |

## 2-5) സുരക്ഷിത നിക്ഷേപമായി ലഭിക്കുന്ന രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനമില്ല :

സർവ്വകലാശാലക്ക് സംഭവിക്കാവുന്ന നഷ്ടസാധ്യത പരമാവധി കുറക്കുന്നതിനുവേണ്ടി സുരക്ഷിത നിക്ഷേപമായി ലഭിക്കുന്ന രേഖകൾ കൃത്യമായി പരിപാലിക്കേണ്ടത് ഫിനാൻസ് ഓഫീസറുടെ നിയമപരമായ ബാധ്യതയാണ് എന്നിരിക്കെ സർവ്വകലാശാലയിൽ സെക്യൂരിറ്റി നിക്ഷേപമായി അടവാക്കുന്ന രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനുള്ള ഒരു സംവിധാനവും നിലവിലില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്ന മുറക്ക് സെക്യൂരിറ്റി രജിസ്റ്ററിൽ ചേർക്കുകയോ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ബാങ്ക് ഗ്യാരണ്ടികൾ വെരിഫൈ ചെയ്യുന്നതിനോ റിവ്യൂ ചെയ്യുന്നതിനോ ഉള്ള സംവിധാനവുമില്ല. ഇത് സംബന്ധിച്ച് സർവ്വകലാശാലയോട് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ (ഓഡിറ്റ് റിക്വസിഷൻ നം. 86 തിയതി. 05.03.2015) സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സൂക്ഷിക്കുന്നതിന് 'fool proof system' ഉണ്ടെന്നാണ് മറുപടി നൽകിയത്. എന്നാൽ 2010-11 സാമ്പത്തിക വർഷത്തെ പർച്ചേസ് ഫയലുകളിൽ (പട്ടിക 8 ലെ ക്രമ നം. 2,3,4,5,6,7,9,10) സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ ഫയലിൽ സൂക്ഷിക്കുന്നതായി കാണുന്നു (അനുബന്ധം 2 കാണുക).

ഇ.എം.ഡി. യായി അടവാക്കിയ ഡിമാന്റ് ഡ്രാഫ്റ്റം (പട്ടിക 9 ലെ ക്രമ നം. 1) ഫയലിൽ തന്നെ സൂക്ഷിക്കുന്നതായി കാണുന്നു. പട്ടിക 8 ലെ ക്രമ നം. 1 ലും 8 ലും സൂചിപ്പിച്ച പർച്ചേസുകൾക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സ്വീകരിച്ചതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ സർവ്വകലാശാലയിൽ 'പെർഫോമൻസ് സെക്യൂരിറ്റി ' യായി സ്വീകരിക്കപ്പെടുന്ന രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള 'fool proof system' ഉണ്ടെന്ന മറുപടി വസ്തുതാവിരുദ്ധമായ പ്രസ്താവനയാണ് എന്നു കരുതാവുന്നതാണ്.

***പട്ടിക 8: 2010-11 സാമ്പത്തിക വർഷത്തിൽ പർച്ചേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ വിശദാംശങ്ങൾ***

| ക്രമ നം | വൗച്ചർ നം | പർച്ചേസ് ഉത്തരവ് നം. | ഇനം | തുക | സെക്യൂരിറ്റി ഡെപ്പോസിറ്റ് | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 34 | 924/പർച്ചേസ് | A/C | 4,83,200 | സ്വീകരിച്ചതായി കാണുന്നില്ല (23,400/-) | |
| 2 | 509 | 649/പർച്ചേസ് | 48 port Switch | 90,680 | ഡെപ്പോസിറ്റ് റസീപ്റ്റ് (4,534/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 3 | 748 | 927/പർച്ചേസ് | H.P.Server | 1,57,000 | ബാങ്ക് ഗ്യാരണ്ടി(7,850/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 4 | 739 | 927/പർച്ചേസ് | H.P.Desktop | 1,95,000 | ബാങ്ക് ഗ്യാരണ്ടി(9,750/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 5 | 78 | 921/പർച്ചേസ് | Desktop, U.P.S, Printer | 3,00,300 | ഡെപ്പോസിറ്റ് റസീപ്റ്റ് (14,625/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 6 | 747 | 927/പർച്ചേസ് | Dell Laptop | 3,15,700 | ബാങ്ക് ഗ്യാരണ്ടി(15,850/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 7 | 1072 | 927/പർച്ചേസ് | Desktop | 4,68,000 | ബാങ്ക് ഗ്യാരണ്ടി (23,400/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 8 | | 649/പർച്ചേസ് | Online UPS | 1,39,140 | സ്വീകരിച്ചതായി കാണുന്നില്ല (6,957/-) | |
| 9 | 421 | 923/പർച്ചേസ് | Hitatchi Projector | 69,000 | ഡെപ്പോസിറ്റ് റസീപ്റ്റ് (3,450/-) | ഫയലിൽ സൂക്ഷിക്കുന്നു |
| 10 | 698 | 3211/പർച്ചേസ് | LCD TV | 68,500 | ഡെപ്പോസിറ്റ് റസീപ്റ്റ് (3,425/-) | ഫയലിൽ സൂക്ഷിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 11 | 482 | 180/പർച്ചേസ് | Godrej Storewell | 78,739 | ഡിമാന്റ് ഡ്രാഫ്റ്റ് (3,957/-) | ബാങ്കിൽ അടവാക്കി |

***പട്ടിക 9: 2010-11 സാമ്പത്തിക വർഷത്തിൽ പർച്ചേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച ഇ.എം.ഡി യുടെ***

***വിശദാംശങ്ങൾ***

| ക്രമ നം | വൗച്ചർ നം | പർച്ചേസ് ഉത്തരവ് നം. | ഇനം | തുക | സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | | 927/പർച്ചേസ് | Server Computer, Desktop Computer, Laptop Computer | D.D Rs.4,000/- | From M/s Smartsoft | ഫയലിൽ സൂക്ഷിക്കുന്നു |

***ഓഡിറ്റ് ശുപാർശകൾ***

1. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സ്വീകരിക്കുന്ന മുറക്ക് സെക്യൂരിറ്റി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.
2. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സുരക്ഷിതമായി സേഫുകളിലോ ലോക്കറുകളിലോ സൂക്ഷിക്കുക.
3. സെക്യൂരിറ്റി നിക്ഷേപങ്ങളുടെ ക്രമമായ ഇടവേളകളിലുള്ള പരിശോധന നടത്തുക.
4. ബാധ്യതകളൊന്നും ഇല്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ റിലീസ് ചെയ്യുക.
5. വിലപിടിപ്പുള്ള രേഖകളുടെ വിവരം 'രജിസ്റ്റർ ഓഫ് വാല്യുബിൾ ഡോക്യുമെന്റ്സ് '- രജിസ്റ്ററിൽ ചേർക്കുകയും അവയുടെ വരവും ഡിസ്പോസലും ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ (ഫിനാൻസ് ഓഫീസർ) സാക്ഷ്യപ്പെടുത്തുകയും ചെയ്യുക.
6. സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ സ്റ്റോർ പർച്ചേസ് നിയമങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും രൂപത്തിൽ സ്വീകരിക്കുക {ഡിമാന്റ് ഡ്രാഫ്റ്റ് രൂപത്തിൽ സ്വീകരിക്കുന്നത് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് എതിരാണ്. (ഖ.52)}

# ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3.1) 2011 ലെ സർവ്വകലാശാലാ ഡയറി, കലണ്ടർ എന്നിവയുടെ അച്ചടി : നിർവ്വഹണത്തിലെ അപാകതകൾ.

സർവ്വകലാശാലയുടെ 2011 ലെ ഡയറി, കലണ്ടർ എന്നിവ അച്ചടിക്കു നൽകിയ ഏരീസ് ഗ്രാഫിക്സ്, ചിറ്റഞ്ഞൂർ പി.ഒ., തൃശ്ശൂർ എന്ന സ്ഥാപനത്തിന് നിയമാനുസൃത കിഴിവുകൾക്കുശേഷം 1,90,822/-രൂപ നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

***പട്ടിക 10: 2011-ലെ ഡയറി, കലണ്ടർ എന്നിവക്ക് ചെലഴിച്ച തുക***

| വൗച്ചർ നം. | ചെക്ക് നം./തിയതി | തുക |
|---|---|---|
| 756/10-11 | 149544/22.01.11 | 1,25,000 |
| 126/11-12 | 309659/27.04.11 | 65,822 |
| | | 1,90,822 |
| | ആദായനികുതി | 1,928 |
| | | **1,92,750** |

ഡയറി കലണ്ടർ എന്നിവക്ക് ചെലവഴിച്ച മൊത്തം തുകയിൽ 1,25,000/- രൂപ 2010-11 ലാണ് നൽകിയത്. ശേഷിക്കുന്ന തുക 2011-12 വർഷത്തിലും നൽകിയിട്ടുണ്ട്. ഫയൽ നമ്പർ Rgr/Diary & Calander/2011, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും അച്ചടി ഇടപാടിൽ നിയമപരമല്ലാത്ത നടപടികളാണ് ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു.

28.10.2010 ന് ഡയറി, കലണ്ടർ എന്നിവ അച്ചടിച്ച് വിതരണം ചെയ്യുവാനുള്ള കരട് ക്വട്ടേഷൻ നോട്ടീസ് അംഗീകാരത്തിനായി സമർപ്പിക്കുകയും അന്നുതന്നെ രജിസ്ട്രാർ അംഗീകരിക്കുകയും ചെയ്തതായി നോട്ട് ഫയലിൽ കാണുന്നു. തുടർന്ന് ക്വട്ടേഷൻ നോട്ടീസിനു പ്രതികരണമായി ലഭിച്ച ക്വട്ടേഷനുകളുടെ താരതമ്യപട്ടിക അംഗീകാരത്തിനായി സമർപ്പിച്ചതും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ 'ഏരീസ് ഗ്രാഫിക്സി' നെ രജിസ്ട്രാർ തെരഞ്ഞെടുത്തതും 19.11.2011 നാണ്. അപാകതകൾ താഴെ ചേർക്കുന്നു.

a) ക്വട്ടേഷൻ നോട്ടീസ് പ്രകാരം ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാനതിയതിയും അവ തുറക്കുന്ന തിയതിയും 19.11.2010 ആണ്. ക്വട്ടേഷനുകൾ സമർപ്പിച്ച 3 സ്ഥാപനങ്ങളുടെ ക്വട്ടേഷൻ വിവരങ്ങൾ താഴെ ചേർക്കുന്നു;

***പട്ടിക 11:***

| സ്ഥാപനത്തിന്റെ പേര് | ക്വട്ടേഷൻ തിയതി | തുക | നോട്ടീസ് പ്രകാരം ക്വട്ടേഷനുകൾ തുറക്കുന്ന തീയ്യതി | ക്വട്ടേഷൻ തുറന്ന് രജിസ്ട്രാർ ഒപ്പ് വച്ച തിയതി | ടാബുലേഷൻ സ്റ്റേറ്റ്മെന്റിലെ ക്വട്ടേഷൻ തിയതി |
|---|---|---|---|---|---|
| ഏരീസ് ഗ്രാഫിക്സ്, ചിറ്റഞ്ഞൂർ.പി.ഒ | 16.11.10 | 1,92,250 | 19.11.10 | 16.11.11 | 16.11.11 |
| ശാരദ പ്രസ്സ് കോഴിക്കോട് | 16.11.10 | 2,05,000 | 19.11.10 | 16.11.11 | 16.11.11 |
| സമഗ്ര കോഴിക്കോട് | 16.11.11 | 2,01,000 | 19.11.10 | 16.11.11 | 16.11.11 |

ക്വട്ടേഷനുകൾ തുറന്ന് രജിസ്ട്രാർ ഒപ്പുവച്ചിട്ടുള്ളത് 2011 നവംബർ 16-ാം തിയതിയാണ്. 2010 ൽ ലഭിച്ച ക്വട്ടേഷനുകൾ തുറന്നതിന്റെ തിയ്യതി ഒരു വർഷം കഴിഞ്ഞുള്ള 2011 ലെ തിയ്യതിയെഴുതിയത് ഒരു കൈതെറ്റായി പരിഗണിച്ചാൽതന്നെ, നോട്ടീസിൽ ക്വട്ടേഷനുകൾ തുറക്കുന്ന തീയ്യതിയായി പറയുന്ന തിയതിക്ക് 3 ദിവസങ്ങൾക്കുമുമ്പ് അതായത് 16-ാം തിയതി തുറക്കുന്നത്, ക്വട്ടേഷൻ നടപടികളിലുള്ള ക്രമക്കേടുകൾക്ക് തെളിവാണ്.

b) സ്റ്റോർ പർച്ചേസ് മാന്വലിലെ ഖ.14, കേരള ഫിനാൻഷ്യൽ കോഡിലെ അനുച്ഛേദം 126(ബി) എന്നിവയനുസരിച്ച് 20,000 മോ അതിൽ കൂടുതലുള്ള എല്ലാ പർച്ചേസുകൾക്കും ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ 28.10.2010 ലെ Rgr/Diary & Calander/2011 നമ്പറിലുള്ള നോട്ടീസ് പ്രകാരം ക്വട്ടേഷനുകളാണ് ക്ഷണിച്ചിട്ടുള്ളത്.
c) കെ.എഫ്.സി അനുച്ഛേദം 130 പ്രകാരം സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ടെണ്ടർ ഫോമുകൾ വില്പന നടത്തേണ്ടതാണ്. ടെണ്ടർ ക്ഷണിക്കുകയോ, ടെണ്ടർ ഫോമുകൾ വില്പന നടത്തുകയോ ചെയ്തിട്ടില്ല.
d) 20,000 രൂപയോ അതിലധികമോ വരുന്ന ടെണ്ടറിന്, ടെണ്ടർ തുകയുടെ 1% നിരക്കിൽ നിരതദ്രവ്യം അടവാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.
e) മത്സരാധിഷ്ഠിത ടെണ്ടർ/ക്വട്ടേഷൻ ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയോ, നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ ചെയ്തിട്ടില്ല.
f) ഏരീസ് ഗ്രാഫിക്സ് സമർപ്പിച്ച ക്വട്ടേഷൻ തുക 1,92,250 രൂപയാണെന്നിരിക്കെ 1,92,750 രൂപ നൽകിയിരിക്കുന്നു.

മേൽ ചൂണ്ടിക്കാണിച്ചതിൽനിന്നും അച്ചടി ഇടപാടിൽ സുതാര്യമല്ലാത്ത നടപടികൾ ഉണ്ടായതായി കാണുന്നു. നിലവിലുള്ള നിയമത്തിന്റെ നിബന്ധനകളൊന്നും ഈ ഇടപാടിൽ അനുസരിച്ചിട്ടുള്ളതായി കാണുന്നില്ല. സ്വഭാവികമായും കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 40(b) -ൽ നിഷ്കർഷിക്കുന്ന ധനകാര്യനടപടികളിൽ അനുവർത്തിക്കേണ്ട അടിസ്ഥാന സാമ്പത്തിക പ്രമാണങ്ങൾ ഈ ഇടപാടിൽ സർവ്വകലാശാല പുലർത്താത്തത് മനപ്പൂർവ്വവും നിക്ഷിപ്തതാല്പര്യങ്ങൾക്കുമായിരുന്നോ എന്നുള്ളതും അന്വേഷണവിധേയമാക്കേണ്ടതാണ്.

## 3.2) <u>പരിശോധനാ കമ്മീഷൻ രൂപീകരണം നിയമപ്രകാരമല്ല :</u>

2010-11 വർഷത്തിൽ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകുന്നതിലേക്ക് പരിശോധന നടത്തിയതിന് സർവ്വകലാശാല നിയമിച്ച പരിശോധകർക്ക് യാത്രാബത്ത, ഹോണറേറിയം എന്നീ ഇനങ്ങളിലായി 6,25,120/- രൂപ നൽകിയിട്ടുണ്ട്. സ്വാശ്രയസ്ഥാപനങ്ങളിലെ അദ്ധ്യാപകരുൾപ്പെടെ സർക്കാർ/സ്വകാര്യ മെഡിക്കൽ-നഴ്സിംഗ്-ഫാർമസി കോളേജുകളിലെ അദ്ധ്യാപകരെയാണ് പരിശോധകരായി നിയമിക്കുകയും പ്രതിഫലം നൽകുകയും ചെയ്തിരിക്കുന്നത്.

ഭാരതത്തിലെ സർവ്വകലാശാലകളുടെ നിയന്ത്രണാധികാരസ്ഥാപനമായ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ (യു.ജി.സി) 2009 ലെ UGC (Affiliation of Colleges by Universities) Regulations ലെ 4.6 ൽ പരിശോധനാകമ്മീഷൻ എങ്ങനെയായിരിക്കണമെന്ന് പറയുന്നുണ്ട്.

സർവ്വകലാശാലയുടെ വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളടങ്ങിയ ഒരു വിദഗ്ദ്ധകമ്മിറ്റിയെക്കൊണ്ട് സ്ഥാപനം പരിശോധനാവിധേയമാക്കണമെന്നും അതിൽ താഴെ പറയുന്ന അംഗങ്ങളുണ്ടായിരിക്കണമെന്നും റെഗുലേഷൻ നിഷ്കർഷിക്കുന്നു.

4.6.1 - നിർദ്ദേശിക്കപ്പെട്ട വിഷയങ്ങളിൽ ഒരോന്നിൽനിന്നും ഓരോ വിദഗ്ദ്ധന്മാർ വീതം
4.6.2 - കോളേജ് ഡെവലപ്പ്മെന്റ് കൗൺസിലിൽ ഡീനോ, സർവ്വകലാശാലയിലെ തത്തുല്യ പദവിയിലുള്ള വിദ്യാഭ്യാസ വിചക്ഷണനോ
4.6.3 - സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത പ്രതിനിധി
4.6.4 – എക്സി. എഞ്ചിനീയറുടെ പദവിയിൽ താഴെയല്ലാത്ത PWD/CPWD/ സർവ്വകലാശാലാ എഞ്ചിനീയർ.

മേൽപറഞ്ഞ അംഗങ്ങൾ ചേർന്ന കമ്മിറ്റിയെ വി.സി നിയോഗിക്കുന്നതോടൊപ്പം അവരിൽ നിന്നും പ്രൊഫസറുടെ പദവിയിൽ കുറയാത്ത വിദഗ്ധനെ കമ്മിറ്റിയുടെ ചെയർപേഴ്സണായി വി.സി. തന്നെ ചുമതലപ്പെടുത്തുകയും വേണം.

കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലയോട് ഒരു സ്ഥാപനം അഫിലിയേറ്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ സർവ്വകലാശാലാ നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നത് താഴെ ചേർക്കുന്നു.

| | |
|---|---|
| i) വകുപ്പ് 40(2) | : സ്റ്റാറ്റ്യൂട്ടുകൾ ഇനിപറയുന്ന എല്ലാമൊ, ഏതെങ്കിലുമൊ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്. |
| 40(2)(xi) | : കോളേജുകൾ അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടിയൊ കോളേജുകളുടെ അഫിലിയേഷൻ പരിഗണിക്കുന്നതിനുവേണ്ടിയൊ ഉള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും. |
| ii) വകുപ്പ് 51(4) | : ഒരു കോളേജ് സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യുന്നതിനുള്ള ചട്ടങ്ങളും നടപടിക്രമങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കുന്നതാണ്. |
| iii) വകുപ്പ് 25(1)(xix) | : സ്റ്റാറ്റ്യൂട്ടുകളിലെയുംഓർഡിനൻസുകളിലെയും റെഗുലേഷനുകളിലേയും വ്യവസ്ഥകൾക്കനുസൃതമായി കോളേജുകൾക്കൊ സ്ഥാപനങ്ങൾക്കൊ അഫിലിയേഷൻ നൽകുക.[അക്കാദമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും] |
| iv) സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം xxi ലെ 10-ാം വ്യവസ്ഥ | : ഒരു പുതിയ കോളേജ് ആരംഭിക്കുന്നതിനുള്ള നിർദ്ദിഷ്ട സ്ഥലം പരിശോധിക്കുന്നതിനായൊ പുതിയകോളേജ്/കോഴ്സ് എന്നിവക്കുവേണ്ടതായ സൗകര്യങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനായൊ സർവ്വകലാശാലക്ക് ഒരു കമ്മീഷനെ നിയോഗിക്കാവുന്നതാണ്.കോളേജ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദിഷ്ട സ്ഥലത്തിന്റെ അനുയോജ്യത, സ്ഥലത്തിന്മേലുള്ള ഉടമസ്ഥാവകാശം, കെട്ടിടങ്ങളുടെ ലഭ്യത, ആസ്തികൾ, അക്കാദമിക് നിലവാരം കാത്തുസൂക്ഷിക്കുന്നതിൽ കോളേജിനുള്ള കഴിവ് എന്നിവ കമ്മീഷന്റെ പരിഗണനാവിഷയങ്ങളായിരിക്കും. |

ഈ ഓഫീസിൽനിന്നും 17.11.14 ൽ നൽകിയ 81-ാം നമ്പർ ഓഡിറ്റ് റിക്വസിഷൻ പ്രകാരം പരിശോധനാക്കമ്മിറ്റി അംഗങ്ങളുടെ യോഗ്യത, പരിശോധനാക്കമ്മിറ്റി അംഗങ്ങളുടെ

പട്ടിക, പരിശോധനാക്കമ്മിറ്റി റിപ്പോർട്ട് അംഗീകരിക്കുന്ന അധികാരസ്ഥാനം എന്നിവയെ സംബന്ധിച്ച 2010-11 വർഷത്തെ വിശദവിവരങ്ങൾ ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും രജിസ്ട്രാറുടെ 18.12.14-ലെ 6827/KUHS/FIN/Audit Enquiry നം.കത്തിൽ നൽകിയ മറുപടിയിൽ പരിശോധകരുടെ യോഗ്യതാ മാനദണ്ഡങ്ങൾ നിയന്ത്രണാധികാരസ്ഥാനങ്ങൾ (Regulatory Authorities) നിശ്ചയിച്ചതുപ്രകാരമാണെന്നും 2013 മേയ് മുതൽ പരിശീലനം സിദ്ധിച്ച ഒരു കൂട്ടം പരിശോധകരെ പരിശോധനക്കായി കരുതിയിട്ടുണ്ടെന്നും ഇവരെയാണ് പരിശോധനക്കായി നിയോഗിക്കുന്നതെന്നും സർവ്വകലാശാല അറിയിച്ചു. തുടർന്ന് ഓഡിറ്റ് ആവശ്യപ്പെട്ടരീതിയിലുള്ള വിവരങ്ങൾ ലഭിക്കാത്ത സാഹചര്യത്തിൽ ഈ ഓഫീസിലെ 28.05.15-ലെ രണ്ടാം നം. ഒബ്ജക് ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം വീണ്ടും വിവരങ്ങൾ ആവശ്യപ്പെട്ടെങ്കിലും 2010-11 വർഷത്തെ വിവരങ്ങൾ ലഭിച്ചില്ല. പകരം ഗവേണിംഗ് കൗൺസിലിന്റെ 27.04.15-ലെ 25-ാം മീറ്റിംഗ് പ്രകാരം അഫിലിയേഷൻ സംബന്ധിച്ച സബ്ക്കമ്മിറ്റിയുടെ മിനിറ്റ്സ് അംഗീകരിച്ച വിവരമാണ് നൽകിയിരിക്കുന്നത്. പ്രസ്തുത കത്തിലും പരിശോധനാകമ്മീഷന്റെ ഘടനയെസംബന്ധിച്ചുമാത്രമാണ് പ്രതിപാദിക്കുന്നത്.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽനിന്നും യു.ജി.സി. നിഷ്കർഷിക്കുന്ന തരത്തിലുള്ള പരിശോധനാക്കമ്മീഷനെയല്ല സർവ്വകലാശാല പരിശോധനക്കായി നിയോഗിക്കുന്നത് എന്ന് കാണുന്നു. ഉദാഹരണത്തിന് പുതുതായി ആരംഭിക്കുന്ന അഹല്യ ആയുർവേദ മെഡിക്കൽ കോളേജ് പരിശോധിക്കുന്നതിനായി 31.03.2011 ലെ 3817/AC.1/2010/KUHS നം. ഉത്തരവ് പ്രകാരം രണ്ടുപേരടങ്ങുന്ന പരിശോധനാകമ്മീഷനെയാണ് സർവ്വകലാശാല നിയോഗിച്ചത്. അതിൽതന്നെ ഒരു പരിശോധകൻ ഒരു സ്വാശ്രയ സ്ഥാപനത്തിലെ അദ്ധ്യപകനായിരുന്നു.

13.12.13 ൽ നൽകിയ ഓഡിറ്റ് റിക്വസിഷൻ നമ്പർ 54, 28.12.13 ൽ നൽകിയ ഓഡിറ്റ് റിക്വസിഷൻ നം.55 എന്നിവ പ്രകാരം അഫിലിയേഷനായി കോളേജുകൾ സമർപ്പിക്കേണ്ട രേഖകൾ, ബാങ്ക് ഗാരണ്ടി - ഫിനാൻഷ്യൽ ഗാരണ്ടി, മറ്റ് മാനദണ്ഡങ്ങൾ തുടങ്ങിയവ വ്യവസ്ഥ ചെയ്യുന്ന റെഗുലേഷൻസ്, സർക്കുലറുകൾ മുതലായവ പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും ഓഡിറ്റ് ആരാഞ്ഞതിന് മറുപടികളൊന്നും ലഭിക്കുകയുണ്ടായില്ല. യു.ജി.സി. യുടെ അഫിലിയേഷൻ വ്യവസ്ഥകൾക്ക് അനുരൂപകമായ അഫിലിയേഷൻ വ്യവസ്ഥകൾക്ക് സർവ്വകലാശാല ഇനിയും രൂപം കൊടുത്തിട്ടില്ല. സംസ്ഥാന സർക്കാർ- എം.സി.ഐ പോലുള്ള കേന്ദ്ര നിയന്ത്രണാധികാരസ്ഥാപനങ്ങൾ - സർവ്വകലാശാല എന്നിവയുടെ ഏകോപനം അഫിലിയെഷൻ നടപടിക്രമങ്ങളിൽ ഉള്ളതായിക്കാണുന്നില്ല.

നിയമത്തിൽ വ്യക്തമായി നിഷ്കർഷിക്കുന്നുണ്ടെങ്കിലും [വകുപ്പ് 40(2)(xi)] കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനായി സൂക്ഷ്മവും സവിസ്തരവുമായ മാനദണ്ഡങ്ങൾ സർവ്വകലാശാല ഇനിയും പുറപ്പെടുവിച്ചിട്ടില്ല. അഫിലിയെഷന്റെ വിവിധ ഘട്ടങ്ങളിൽ (അഫിലിയേഷന്റെ അനുമതി, താൽക്കാലിക അഫിലിയേഷൻ, അഫിലിയേഷന്റെ തുടർച്ച) എന്താണ് പരിശോധിക്കേണ്ടതെന്ന് വ്യക്തത നൽകുന്ന

നിർദ്ദേശങ്ങളുടെ അഭാവം പരിശോധനാ നടപടികൾ അസംഗതമാക്കാനിടയുണ്ട്. മതിയായ പരിഹാരനടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കുന്നതിലേക്കായി നിയമാനുസൃതമല്ലാത്ത പരിശോധനാ നടപടികൾക്കുണ്ടായ ചെലവ് തുക 6,25,120/- തടസ്സവാദത്തിൽ ഉൾപ്പെടുത്തുന്നു. രണ്ട് മാസത്തിനകം നടപടിയില്ലാത്തപക്ഷം നിയമവിരുദ്ധ നടപടികൾക്കായുള്ള ചെലവ് നഷ്ടമായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

### 3.3) <u>ലോഗ്ബുക്ക് : സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.</u>

2010-11 വർഷത്തിൽ സർവ്വകലാശാലയിലെ രണ്ടു വാഹനങ്ങളുടെ ലോഗ് ബുക്കുകളാണ് പരിശോധനക്കായി നൽകിയത്. ഈ വർഷത്തിൽ തന്നെ മഹീന്ദ്രയുടെ 'ബോളേരൊ' എന്ന വാഹനം വാങ്ങിയതായി ചെലവ് പരിശോധനയിൽ കാണുന്നുണ്ടെങ്കിലും പ്രസ്തുതവാഹനത്തിനായി ഇന്ധനം വാങ്ങിയതിന്റെ ചെലവുകളൊന്നും കാണുന്നില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I അനുച്ഛേദം 324-ൽ താഴെപറയും പ്രകാരം നിഷ്കർഷിക്കുന്നു;

മോട്ടോർകാർ, ബസ്, ലോറി, ജീപ്പ് മുതലായ വാഹനങ്ങളുള്ള എല്ലാ ഓഫീസുകളിലും 48, 48 എ, 48 ബി എന്നീ ഫോറത്തിലുള്ള ലോഗ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. വാഹനത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ലോഗ്ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടെന്നും പെട്രോൾ മുതലായ വാങ്ങലുകൾ ലോഗ്ബുക്കിൽ വരവുവെക്കുന്നുണ്ടെന്നും നിയന്ത്രണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പവരുത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകളൊന്നും നടത്തിയതായി ലോഗ്ബുക്ക് പരിശോധിച്ചതിൽനിന്നും കാണുന്നില്ല.

വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പലതും [ഉദാ. GO(MS) No.113/2003/Fin dt. 24.02.2003, സർക്കുലർ നം. 41/2008/ധനം തിയതി 02.08.08] സർവ്വകലാശാലാ വാഹനങ്ങളുടെ കാര്യത്തിൽ അനുവർത്തിക്കുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വാഹനത്തിന്റെ ഇന്ധനക്ഷമതാപരിശോധന വർഷത്തിൽ ഒരു തവണ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്.

2. യാത്ര ആരംഭിക്കുന്നതിനുമുൻപേ തന്നെ, സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങളും യാത്രയുടെ ഉദ്ദേശ്യവും ലോഗ്ബുക്കിൽ ചേർക്കേണ്ടത് യാത്രചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വമാണ്.

3. യാത്ര അവസാനിച്ചലുടൻ യാത്ര ചെയ്ത ദൂരവും ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

പ്രൊ.വൈസ് ചാൻസലറുടെ ഔദ്യോഗിക വാഹനമായ കെ.എൽ 08/എ എസ്-5221 ന്റെ ലോഗ് ബുക്ക് 2323 കി.മീ (14.07.2010) മുതലാണ് എഴുതി തുടങ്ങിയിരിക്കുന്നത്. കൂടാതെ, വി.സി., പി.വി.സി., എന്നിവരുടെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽനിന്നും മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ്, വാഹനത്തിന്റെ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരങ്ങൾ എന്നിവയൊന്നും സർവ്വകലാശാലാ വാഹനങ്ങളുടെ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. 2010-11 വർഷത്തിൽ വാങ്ങിയ ഇന്ധനം ലോഗ്ബുക്കുകളിൽ രേഖപ്പെടുത്താത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

***പട്ടിക 12:***

| ക്രമ നം. | വൗച്ചർ നം. | തുക | ഏജൻസിയുടെ പേര് ബിൽ നം./ തിയതി | മറ്റ് വിശദവിവരങ്ങൾ |
|---|---|---|---|---|
| 1. | 19/10-11 | 1945.50 | സ്നേഹ ഫ്യുവൽ ലാന്റ് , മുളങ്കുന്നത്തുകാവ് 34927/30.4.10 | എന്ത് ആവശ്യത്തിന് വാങ്ങിയതെന്ന് വ്യക്തമല്ല |
| 2 | 52/10-11 | 1000 | ബലറാം & കമ്പനി, തൃശ്ശൂർ 165836/2.6.10 | 25.71 ലി. ഡീസൽ KL-08/AS-5221 എന്ന വാഹനത്തിനായി വാങ്ങിയത് |
| 3 | 66/10-11 | 100 | ജില്ലാ ബസ്സ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, റൗണ്ട് നോർത്ത് തൃശ്ശൂർ. 4212/05.06.10 | 25.71 ലി. ഡീസൽ KL-08/AS-5221 എന്ന വാഹനത്തിനായി വാങ്ങിയത് |
| | | 1000 | ജില്ലാ ബസ്സ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ, റൗണ്ട് നോർത്ത് തൃശ്ശൂർ. 6556/10.06.10 | 25.71 ലി. ഡീസൽ KL-08/AS-5221 എന്ന വാഹനത്തിനായി വാങ്ങിയത് |
| 4 | 89/10-11 | 2350 | ആലുവ ബിസിനസ് കോർപ്പറേഷൻ, ആലുവ. 45410/16.6.10 | 60.70 ലി. ഡീസൽ KL-08/AS-5221 എന്ന വാഹനത്തിനായി വാങ്ങിയത് |
| 5 | 103/10-11 | 2349.71 | ഏജൻസിയുടെ പേര്, ബിൽ നം. എന്നിവ വ്യക്തമല്ല. തിയതി 04.07.10 | 57.31 ലി. ഡീസൽ KL-08/AR-7471 എന്ന വാഹനത്തിനായി വാങ്ങിയത് |
| 6 | 216/10-11 | 2000 | പ്രിയാസ്, നെടുമ്പാശ്ശേരി | 51.61 ലി. ഡീസൽ KL-08/AR- |

| | | | | |
|---|---|---|---|---|
| | | | 139592/29.10.10 | 7471 എന്ന വാഹനത്തിനായി വാങ്ങിയത് |
| 7 | 444/10-11 | 2000 | പി.രാമൻനായർ & സൺസ്, വടക്കാഞ്ചേരി 504490/9.9.10 | ജനറേറ്ററിനായി ഡീസൽ വാങ്ങിയത് |
| 8 | 614/10-11 | 2000 | പി.രാമൻനായർ & സൺസ്, വടക്കാഞ്ചേരി ബിൽ നം. ഇല്ല /2.12.10 | 48.37 ലി. ഡീസൽ KL-08/AS-5221 എന്ന വാഹനത്തിനായി വാങ്ങിയത് |
| 9 | 720/10-11 | 2000 | ബിൽ മാഞ്ഞുപോയതിനാൽ വിവരങ്ങൾ വ്യക്തമല്ല | KL-08/AR-7471 എന്ന വാഹനത്തിന് ഡീസൽ വാങ്ങിയത് |
| | | **17,645.21** | | |

ഈ സാഹചര്യത്തിൽ രേഖകളിലേയും നടപടിക്രമങ്ങളിലേയും അപാകങ്ങൾ പരിഹരിക്കുന്നതിലേക്ക് 2010-11 വർഷത്തിൽ ഇന്ധനം വാങ്ങുന്നതിനായി ചെലവഴിച്ച തുകയിൽ ലോഗ്ബുക്കിൽ ചേർത്തുകാണാത്ത 17645.21 രൂപ തടസ്സപ്പെടുത്തുന്നു.

## 3.4 <u>മുൻകൂറുകൾ ശരിയാംവിധം ക്രമീകരിക്കുന്നില്ല</u>

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 66 പ്രകാരം ഓരോ ഓഫീസ് തലവനും ഫോറം 5 പ്രകാരമുള്ള അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സർക്കാർ ഉത്തരവ് 1035/2000/ധനം തിയതി 19.07.2000, സർക്കാർ ഉത്തരവ് 419/2011/ധനം തിയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽകാലിക അഡ്വാൻസുകൾ ഇവ കൈപ്പറ്റിയാൽ മൂന്നുമാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ചിരിക്കണം. മൂന്ന് മാസത്തിലധികരിച്ച് ബിൽ സമർപ്പിച്ച് ക്രമീകരിക്കാതെ ബാക്കി നിൽക്കുന്ന മുൻകൂർ തുകയ്ക്ക് ബാങ്ക് നിരക്കിൽ (12.5 ശതമാനം) വാർഷിക പലിശ ഈടാക്കണം. നിശ്ചിതസമയപരിധിക്കകം മുൻകൂർ ക്രമീകരിച്ച് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും അടിയന്തിരമായി തിരിച്ചുപിടിക്കണം. ഇങ്ങനെ തിരിച്ചുപിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചുപിടിക്കുന്ന ദിവസം വരെ 12.5 ശതമാനം നിരക്കിൽ പലിശ ഈടാക്കണം.

സർവ്വകലാശാല അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് നിർദ്ദിഷ്ട മാതൃകയിലല്ല. മുൻകൂർ ക്രമീകരിക്കേണ്ട വിധം, അനുവദനീയമായ സമയപരിധി, ക്യാഷ് ബുക്ക് റഫറൻസ്, പിൻവലിച്ച തുക, മുൻകൂർ ക്രമീകരിച്ച തിയതി, ക്രമീകരിച്ച തുക, ബാലൻസ് തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്താത്തുമൂലം, മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ

പാലിക്കപ്പെട്ടിട്ടുമില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 2 - ഫോറം 5 പ്രകാരം സർവ്വകലാശാല സൂക്ഷിക്കേണ്ട രജിസ്റ്റർ പ്രകാരം ലഭ്യമാകേണ്ട വിവരങ്ങളും സർവ്വകലാശാല നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളും പട്ടികയായി ചേർത്തിരിക്കുന്നത് കാണുക. (അനുബന്ധം 3)

2010-11 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർക്ക് നൽകിയ 26 അഡ്വാൻസുകളിൽ അഞ്ച് എണ്ണമൊഴികെ ബാക്കി 21 മുൻകൂറുകൾ ക്രമീകരിച്ചതിന്റെയോ ചെലവ് വൗച്ചറുകളുടെയോ ബാക്കി തുക തിരിച്ചടച്ചതിന്റെയോ വിവരങ്ങളോ വിശദാംശംങ്ങളോ സർവ്വകലാശാലാരജിസ്റ്ററിൽ ലഭ്യമല്ല. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർക്കാൻ സാധിച്ചില്ല എന്നും മുൻകൂറുകൾ ക്രമീകരിച്ച വൗച്ചറുകൾ നഷ്ടപ്പെട്ടു എന്നുമാണ് സർവ്വകലാശാല നൽകിയ മറുപടി. സർവ്വകലാശാല നൽകിയതായി ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ (അനുബന്ധം 4) പറയുന്ന പ്രകാരമുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിലും, ആയതിലേക്ക് നിർദ്ദിഷ്ട വിധത്തിൽ മുൻകൂറുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് പരിപാലിക്കുന്നതിലും വീഴ്ചകൾ ഉണ്ടായതായാണ് പ്രഥമദൃഷ്ട്യാ മനസിലാകുന്നത്. ഇപ്രകാരം മുൻകൂർ നൽകുന്നതിലും ക്രമീകരിക്കുന്നതിലും നിയമവ്യവസ്ഥകൾ പാലിച്ചു എന്നുറപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാർ ഉത്തരവ് (പി) നം. 1035/2000/ധനം തിയതി.19.07.2000 ൽ വ്യവസ്ഥ ചെയ്ത പ്രകാരം മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടിയാവശ്യമാണ്. മേൽ ഉത്തരവനുസരിച്ച് കണക്കാക്കിയ പലിശ സഹിതം ടി തുക (5,60,030/-രൂ) 31.03.2011 ന് സർവ്വകലാശാല ഫണ്ടിലേക്ക് ലഭിക്കാൻ ബാക്കി നിൽക്കുന്ന തുകകളായി കണക്കാക്കായിരിക്കുന്നു(അനുബന്ധം 4). പരിഹാരനടപടികൾക്ക് രണ്ട് മാസം അനുവദിക്കുന്നു.

## 3.5) <u>പെർമനെന്റ് അഡ്വാൻസ് : സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല;</u>

അപ്രതീക്ഷിത ചെലവുകൾക്കായി സർക്കാർ അനുവാദത്തോടെ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെർമനെന്റ് അഡ്വാൻസ് സൂക്ഷിക്കാമെന്ന് കേരള ഫിനാൻഷ്യൽ കോഡ് വോള്യം-I അനുച്ഛേദം 24 നിഷ്കർഷിക്കുന്നു. ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നത് ഉടനടിവരുന്ന പണം ചെലവഴിക്കലിന് മാത്രമാകണമെന്ന പൊതുതത്വത്തിന് അപവാദമാണ് പെർമനെന്റ് അഡ്വാൻസ്. അവിചാരിതമായ ചെലവുകൾക്ക് ഉടനടി തുക കണ്ടെത്തേണ്ടിവരുമ്പോൾ ട്രഷറിയിലെ ധനവിനിയോഗ നടപടികൾമൂലം ഇത്തരം ചെലവുകൾ വൈകുന്നതിന് കാരണമാകാം. ഇത്തരം ചെലവുകൾ നടത്തുന്നതിനായി ഒരു സർക്കാർ ജീവനക്കാരന് നൽകുന്ന തുകയാണ് പെർമനെന്റ് അഡ്വാൻസ്. എന്നാൽ

ആവശ്യമായ തുകയിൽ കൂടുതൽ പെർമനെന്റ് അഡ്വാൻസായി അനുവദിക്കാൻ പാടില്ല (അനുച്ഛേദം 94).

പെർമനെന്റ് അഡ്വാൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1 ലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

എ) ഒരു വകുപ്പ് തലവന് വേണ്ടതായ പെർമനെന്റ് അഡ്വാൻസ് നിശ്ചയിക്കേണ്ടതും അനുവദിക്കേണ്ടതും സർക്കാരാണ് [അനുച്ഛേദം 95 (a)].

ബി) സർക്കാർ മറ്റൊരു വിധത്തിൽ നിർദ്ദേശിച്ചില്ലെങ്കിൽ, ഒരു സർക്കാർ ജീവനക്കാരന് അക്കൗണ്ടന്റ് ജനറൽ നിശ്ചയിക്കുന്ന നിരക്കിൽ കൂടാതെയുള്ള തുക ഒരു വകുപ്പ് തലവന് അനുവദിച്ചുനൽകാവുന്നതാണ് [അനുച്ഛേദം 95 (b)].

സി) പെർമനെന്റ് അഡ്വാൻസ് തുക അനുവദിക്കുന്നതോ പരിഷ്കരിക്കുന്നതോ ആയ എല്ലാ ഉത്തരവുകളും ബന്ധപ്പട്ട സർക്കാർ ജീവനക്കാരനെയും അക്കൗണ്ടന്റ് ജനറലിനേയും അറിയിക്കണം [അനുച്ഛേദം 95 (c)].

ഡി) പെർമനെന്റ് അഡ്വാൻസ് അനുവദിക്കുന്നതിനുള്ളതോ നിലവിലുള്ള അഡ്വാൻസ് തുക പരിഷ്കരിക്കുന്നതിനുള്ളതോ ആയ അപേക്ഷകൾ ശരിയായ അധികാരസ്ഥാനത്ത് അഥവാ അഡ്വാൻസ് അനുവദിക്കാൻ അധികാരമുള്ള അധികാരസ്ഥാനത്ത് അക്കൗണ്ടന്റ് ജനറൽ മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. പെർമനെന്റ് അഡ്വാൻസിനുള്ള ഉചിതമായ തുക അക്കൗണ്ടന്റ് ജനറൽ നിർദ്ദേശിക്കുന്നതാണ് [അനുച്ഛേദം 95 (d)].

ഇ) പെർമനെന്റ് അഡ്വാൻസ് അനാവശ്യമായി അനുവദിക്കുകയോ ട്രഷറിക്ക് പുറത്ത് പണം നിലനിർത്തുന്നത് സംബന്ധിച്ച നിയന്ത്രണങ്ങൾ കണക്കിലെടുത്ത് ഇത്തരം മുൻകൂറുകൾ ഒരിക്കലും ആവശ്യത്തിനുള്ള തുകയിൽ കൂടുതൽ ആയിരിക്കാനോ പാടുള്ളതല്ല.

ധനകാര്യ ഇടപാടുകൾക്കുള്ള വ്യവസ്ഥകൾ സർവ്വകലാശാല സ്വന്തമായി രൂപീകരിക്കാ-ത്തിടത്തോളംകാലം സർക്കാർ പുറപ്പെടുവിച്ച വ്യവസ്ഥകൾ സർവ്വകലാശാല പിൻതുടരേണ്ടതുണ്ട്. എന്നാൽ പെർമനെന്റ് അഡ്വാൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സർക്കാർ നിർദ്ദേശങ്ങളൊന്നുംതന്നെ 'ഇംപ്രസ്റ്റ് 'എന്നപേരിൽ ഒരു നിശ്ചിതതുക കൈവശം വക്കുന്നതിലൊ, അതിൽനിന്ന് ചെലവഴിക്കുന്നതിലോ സർവ്വകലാശാലയിൽ പാലിച്ചുകാണുന്നില്ല. ഈ സംവിധാനത്തിന് സർക്കാർ, ഗവേണിംഗ്

കൗൺസിൽ എന്നിവയുടെ അനുവാദം ലഭിച്ചിട്ടില്ല. കൂടാതെ ഈ തുകയിൽനിന്നും ചെലവഴിക്കുന്ന ഇനങ്ങൾ അപ്രതീക്ഷിത ചെലവുകളിൽ ഉൾപ്പെടുന്നതായും കാണുന്നില്ല. ഉദാഹരണത്തിന് സർവ്വകലാശാലാ വാഹനങ്ങൾക്ക് ഇന്ധനം വാങ്ങുന്നതും സർവ്വകലാശാലയിലെ വിവിധ മീറ്റിങ്ങുകൾക്ക് വരുന്ന ഉദ്യോഗസ്ഥരുടെ ടാക്സികൂലിയും ഇംപ്രസ്റ്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ സർവ്വകലാശാലയിൽ പാലിക്കപ്പെടുന്നുവെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം താൽക്കാലിക സാമ്പത്തിക ദുർവിനിയോഗമായി അവയെ പരിഗണിച്ചുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### 3.6) സർവ്വകലാശാലയിലെ പർച്ചേസിംഗ് നടപടികൾ നിയമാനുസൃതമല്ല :

ഓഡിറ്റ് റിക്വിസിഷനിലൂടെ 16 പർച്ചേസ് ഫയലുകൾ ആവശ്യപ്പെട്ടെങ്കിലും 9 ഫയലുകൾ മാത്രമാണ് ലഭിച്ചത്. 23,03,600/- തുകയ്ക്ക് പർച്ചേസ് ചെയ്തതിന്റെ ഫയലുകൾ ലഭിച്ചിട്ടില്ല. ഫയലുകളുടെ വിവരം പട്ടികയായി ചേർത്തിരിക്കുന്നു.

| ക്രമ നം | ഫയൽനം | ഇനം | തുക | പരാമർശം |
|---|---|---|---|---|
| 1 | 924/പർച്ചേസ്/2010 | എയർകണ്ടീഷണർ | 482000 | ഫയൽ ലഭ്യമായി |
| 2 | 921/പർച്ചേസ്/2010 | കമ്പ്യൂട്ടർ, യു.പി.എസ്, പ്രിന്റർ | 300300 | |
| 3 | 128/പർച്ചേസ്/2010 | ഫർണ്ണിച്ചർ, കമ്പ്യൂട്ടർ ടേബിൾ, ബുക്ക് റാക്ക്, കസേര | 81846 | |
| 4 | 923/പർച്ചേസ്/2010 | പ്രൊജക്ടർ | 69000 | |
| 5 | 180/2010/പർച്ചേസ് | ഗോദ്റെജ് സ്റ്റോർവെൽ | 78739 | |
| 6 | 649/പർച്ചേസ്/2010 | 48 പോർട്ട് സ്വിച്ച് | 90680 | |
| 7 | 938/പർച്ചേസ്/2010 | വാട്ടർ ഡിസ്പെൻസർ | 7636 | |
| 8 | 3211/പർച്ചേസ്/2010 | LCD ടി.വി. | 68500 | |
| 9 | 927/പർച്ചേസ്/2010 | ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ | 199000 | |
| | 927/പർച്ചേസ്//2010 | ലാപ്പ്ടോപ്പ് | 15850 | |
| | 927/പർച്ചേസ്/2010 | HP സെർവ്വർ | 157000 | |

| | | | | |
|---|---|---|---|---|
| | 927/പർച്ചേസ്/2010 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ | 195000 | |
| | 927/പർച്ചേസ്/2010 | ഡെൽ ലാപ്പ്ടോപ്പ് | 315700 | |
| | 927/പർച്ചേസ്/2010 | ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ | 468000 | |
| | 927/പർച്ചേസ്/2010 | കമ്പ്യൂട്ടർ നോട്ട്ബുക്ക് | 19500 | |
| 10 | 377/2010/കുഹാസ് | ലേസർ പ്രിന്റർ | 23556 | ഫയൽ ലഭ്യമായിട്ടില്ല |
| 11 | 17/2010/അക്കൗണ്ട്സ് | കസേര, മേശ | 59776 | |
| 12 | 926/പർച്ചേസ്/2010 | Cheverlot Optra Magnum | 1023783 | |
| 13 | 133/പർച്ചേസ്/2010 | പ്ലാസ്റ്റിക് കസേര | 7900 | |
| 14 | 3232/ഹെൽപ്പ്ഡെസ്ക്ക്/കുഹാസ്/2010 | പോസ്റ്റൽ സ്റ്റാമ്പ് | 10000 | |
| 15 | 197/2010/വർക്ക്സ് | ഫർണ്ണിച്ചർ | 603137 | |
| 16 | AC II/വെഹിക്കിൾ/1140 | ബോലേരോ വെഹിക്കിൾ | 575448 | |
| ലഭ്യമാകാത്ത ഫയലുകളിലെ(ക്രമ നം. 10 മുതൽ 16 വരെ) ആകെ തുക | | | **23,03,600** | |

***ഓഡിറ്റ് കണ്ടെത്തലുകൾ;***

1. സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല(പട്ടിക 13 കാണുക.)

    a) സ്റ്റോർ പർച്ചേസ് മാന്വലിലെ ഖണ്ഡിക 14, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 126(ബി) എന്നിവ യനുസരിച്ച് 20,000/-(ഇരുപതിനായിരം)മോ അതിൽ കൂടുതലോ ഉള്ള എല്ലാ പർച്ചേസുകൾക്കും ടെണ്ടർ ക്ഷണിക്കേണ്ടതാണ്.

    b) ഒന്നോ അതിലധികമോ പ്രധാനപ്പെട്ട ഭാഷാദിനപത്രത്തിലും ആ പ്രദേശത്ത് വിപുലമായ പ്രചാരമുള്ള ഒന്നോ രണ്ടോ ഇംഗ്ളീഷ് പത്രങ്ങളിലും പരസ്യം ചെയ്യണം.

2. ക്വട്ടേഷനുകളോ ടെണ്ടറുകളോ ക്ഷണിക്കാതെ മുൻ ഡീലറിൽനിന്നും പർച്ചേസുകൾ നടത്തുന്നു. (ഉദാ: 927/പർച്ചേസ് /2010/KUHAS ഫയലിൽ ഡെസ്ക്ക്ടോപ്പ്, ലാപ്പ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങിയിരിക്കുന്നത് മുൻ ഡീലറായ ACS Technologies – ൽ നിന്നാണ്.
3. 2010-11 സാമ്പത്തിക വർഷത്തെ ടെണ്ടർ/ക്വട്ടേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. പർച്ചേസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പർച്ചേസ് നടത്തിയിരിക്കുന്നു. (ഉദാ: 928/പർച്ചേസ് /2010/KUHAS ഫയലിൽ പർച്ചേസ് കമ്മിറ്റിയുടെ

നിർദ്ദേശമനുസരിച്ച് റേറ്റ് കോൺട്രാക്റ്റിലൂടെയോ ക്വട്ടേഷൻ പ്രകാരമൊ ആയിരുന്നു പർച്ചേസ് നടത്തേണ്ടിയിരുന്നത്. എന്നാൽ ഗോദ്റേജ് ഡീലറിൽനിന്നും നേരിട്ട് പർച്ചേസ് നടത്തിയിരിക്കുന്നു.

5. സുരക്ഷിത നിക്ഷേപങ്ങൾ ശരിയാംവിധം സൂക്ഷിക്കുന്നില്ല.
6. സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല.(പട്ടിക 14 കാണുക)
7. ക്രമനമ്പർ 2 ൽ സൂചിപ്പിച്ച പർച്ചേസിന് ക്വട്ടേഷൻ പുറപ്പെടുവിച്ച തിയതി (03.08.2010) യേക്കാൾ ഒരു മാസം മുമ്പേയുള്ള തിയതിയാണ് (10.07.2010) ക്വട്ടേഷൻ സ്വീകരിക്കുന്ന തിയതിയായി ക്വട്ടേഷൻ നോട്ടീസിൽ കാണുന്നത്.

മേൽപ്പറഞ്ഞതിൽ നിന്നും സർവ്വകലാശാലയിലെ പർച്ചേസിംഗ് നടപടികൾ നിയമാനുസൃതമല്ല എന്നു വ്യക്തമാണ്.

2010-11 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാല പർച്ചേസ് ചെയ്ത LCD മൾട്ടിമീഡിയ പ്രൊജക്ടർ നഷ്ടപ്പെട്ട വിവരം ഇന്റേണൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടിരുന്നു. (പരാമർശം : ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് 2010-11 - ഓഡിറ്റ് നിരീക്ഷണം 3.6). ഇപ്രകാരം കളവോ തട്ടിപ്പോ അശ്രദ്ധയോ മൂലം നഷ്ടം സംഭവിക്കാതിരിക്കാൻ പർച്ചേസ് ചെയ്ത എല്ലാ ഇനങ്ങളും സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടത് വകുപ്പ് അധികാരിയുടെ ചുമതലയാണ്.

***പട്ടിക 13: സ്റ്റോർ പർച്ചേസ് നിയമമനുസരിച്ച് സർവ്വകലാശാല സ്വീകരിക്കേണ്ടിയിരുന്ന നടപടികളും സ്വീകരിച്ച നടപടികളും***

| ക്രമ നം | ഫയൽ നം | തുക | സ്വീകരിക്കേണ്ടിയിരുന്ന നടപടികൾ | | | | സ്വീകരിച്ച നടപടികൾ | | |
|---|---|---|---|---|---|---|---|---|---|
| | | | പർച്ചേസിംഗ് രീതി | അനുവദിക്കേണ്ട സമയം | പബ്ളിസിറ്റി | സാങ്ഷനിംഗ് അതോറിറ്റി | പർച്ചേസിംഗ് രീതി | അനുവദിച്ച സമയം | സാങ്ഷനിംഗ് അതോറിറ്റി |
| 1 | 924/പർച്ചേസ്/ 2010 | 4,83,000 | ടെണ്ടർ | 1 മാസം | പ്രധാന ഭാഷാ ദിനപത്രങ്ങളിലും ഒന്നോ രണ്ടോ ഇംഗ്ലീഷ് പത്രത്തിലും | ഗവേണിംഗ് കൗൺസിൽ | ഡീലറിൽ നിന്നും നേരിട്ടുള്ള വാങ്ങൽ | - | രജിസ്ട്രാർ |
| 2 | 649/പർച്ചേസ്/ 2010 | 90,680 | ടെണ്ടർ | ,, | ,, | ,, | ക്വട്ടേഷൻ | 1 മാസം മുമ്പേ | വി.സി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | 927/പർച്ചേസ്/ 2010 | 1,57,000 | ടെണ്ടർ | ,, | ,, | ,, | ഡീലറിൽ നിന്നും നേരിട്ടുള്ള വാങ്ങൽ | | രജി സ്റ്റാർ |
| 4 | 927/പർച്ചേസ്/ 2010 | 1,95,000 | ടെണ്ടർ | ,, | ,, | ,, | ഡീലറിൽ നിന്നും നേരിട്ടുള്ള വാങ്ങൽ | | രജി സ്റ്റാർ |
| 5 | 921/പർച്ചേസ്/ 2010 | 3,00,300 | ടെണ്ടർ | ,, | ,, | ,, | ക്വട്ടേഷൻ | 8 ദിവസം | രജി സ്റ്റാർ |
| 6 | 927/പർച്ചേസ്/ 2010 | 3,15,700 | ടെണ്ടർ | ,, | ,, | ,, | ഡീലറിൽ നിന്നും നേരിട്ടുള്ള വാങ്ങൽ | | രജി സ്റ്റാർ |
| 7 | 927/പർച്ചേസ്/ 2010 | 4,68,000 | ടെണ്ടർ | ,, | ,, | ,, | ഡീലറിൽ നിന്നും നേരിട്ടുള്ള വാങ്ങൽ | | വി.സി |
| 8 | 649/പർച്ചേസ്/ 2010 | 1,39,140 | ടെണ്ടർ/ DGSD rate contract | ,, | ,, | ,, | DGSD rate contract | | |
| 9 | 923/പർച്ചേസ്/ 2010 | 69,000 | ,, | ,, | ,, | ,, | ക്വട്ടേഷൻ | 7 ദിവസം | വി.സി |
| 10 | 3211/പർച്ചേസ് /2010 | 68,500 | ,, | ,, | ,, | ,, | ,, | 11 ദിവസം | വി.സി |
| 11 | 180/പർച്ചേസ്/ 2010 | 78,739 | ടെണ്ടർ | 1 മാസം | ,, | ,, | ഗോദ്റേജ്ഡീലറിൽ നിന്നും നേരിട്ടുള്ള വാങ്ങൽ | | വി.സി |
| 12 | 928/പർച്ചേസ്/ 2010 | 81,486 | ടെണ്ടർ | ,, | ,, | ,, | RUBCO ഡീലറിൽ നിന്നും (Rate contract with Store | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | purchase Dept. | | |
| 13 | 928/പർച്ചേസ്/ 2010 | 36,388 | ,, | ,, | ,, | ,, | ,, | ,, | വി.സി |
| 14 | 928/പർച്ചേസ്/ 2010 | 66,588 | ,, | ,, | ,, | ,, | ,, | ,, | വി.സി |

***പട്ടിക 14: സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാത്ത ഇനങ്ങളുടെ വിവരം***

| ക്രമനം | വൗച്ചർ നം/തിയതി | ഇനം |
|---|---|---|
| 1 | 11/ 20.04.2010 | ഗോദ്റെജ് കസേര,മേശ |
| 2 | 20/ 06.05.2010 | മേശ, കസേര |
| 3 | 34/ 28.05.2010 | എയർ കണ്ടീഷനർ |
| 4 | 60/ 14.6.2010 | കമ്പ്യൂട്ടർ നോട്ട്ബുക്ക് |
| 5 | 78/ 23.06.2010 | ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ(10 എണ്ണം), യു.പി.എസ്.(10 എണ്ണം), ഡോട്ട് മെട്രിക്സ് പ്രിന്റർ(3 എണ്ണം) |
| 6 | 83/ 28.06.2010 | എ.സി.ടൈമർ |
| 7 | 138/ 4.8.2010 | കമ്പ്യൂട്ടർ ടേബിൾ(4 എണ്ണം), സെമി എക്സിക്യൂട്ടീവ് കമ്പ്യൂട്ടർ ടേബിൾ(2 എണ്ണം), സെമി. എക്സി. ടേബിൾ(4 എണ്ണം), ഫയൽ റാക്ക്(2 എണ്ണം), എക്സിക്യൂട്ടീവ് ചെയർ(5 എണ്ണം) |
| 8 | 158/ 12.08.2010 | 8 – port നെറ്റ് വർക്ക് ഹബ് |
| 9 | 159/ 12.08.2010 | പ്ലാസ്റ്റിക് ചെയർ(20 എണ്ണം) |
| 10 | 381/ 24.09.2010 | EPBAX/VOICE CABLING |
| 11 | 421/ 1.10.2010 | LCD മൾട്ടി മീഡിയ പ്രൊജക്ടർ |
| 12 | 482/15.10.2010 | ഗോദ്റെജ് സ്റ്റോർവെൽ(5 എണ്ണം) |
| 13 | 1072 | ഡെസ്ക്ക് ടോപ്പ് കമ്പ്യൂട്ടർ(12 എണ്ണം) |
| 14 | 1073/ 29.03.2011 | കമ്പ്യൂട്ടർ ടേബിൾ(12 എണ്ണം), എക്സിക്യൂട്ടീവ് ചെയർ(3 എണ്ണം) |
| 15 | 1074/ 29.03.2011 | മീഡിയം ബാക്ക് ചെയർ(17 എണ്ണം) |

## 3-7) പർച്ചേസ് കമ്മിറ്റി രൂപീകരണം -നിയമവ്യവസ്ഥകൾ പാലിച്ചില്ല.

സർവ്വകലാശാലയിൽ വിവിധ പർച്ചേസുകൾ നടത്തുന്നതിന് പർച്ചേസ് കമ്മിറ്റി,

ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ചതായി കാണുന്നു. എന്നാൽ നിയമവ്യവസ്ഥകൾ പാലിക്കാതെയാണ് പ്രസ്തുത കമ്മിറ്റികൾ രൂപീകൃതമായിട്ടുള്ളത്.

നിയമം നിഷ്കർഷിക്കുന്നതനുസരിച്ച്, സർവ്വകലാശാലക്ക് വേണ്ടിയുള്ള സജ്ജീകരണങ്ങളും ഉപകരണങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാക്കേണ്ടത് ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളിൽപ്പെടുന്നു [സർവ്വകലാശാലാ നിയമം 23(xxv)]. അതിനുള്ള അധികാരങ്ങൾ വൈസ് ചാൻസലർക്കോ ഏതെങ്കിലും കമ്മിറ്റിക്കോ ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള തീരുമാനമെടുത്തതായി ഗവേണിംഗ് കൗൺസിലിന്റെ മിനിറ്റ്സുകളിൽ കാണുന്നില്ല. പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത് ഗവേണിംഗ് കൗൺസിലിൽ സാധൂകരിച്ചിട്ടുമില്ല. നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള അധികാരങ്ങൾ പ്രാവർത്തികമാക്കാതെ ഉദ്യോഗസ്ഥതലത്തിലുള്ള തീരുമാനങ്ങളാൽ മാത്രമാണ് കമ്മിറ്റി രൂപീകരിക്കപ്പെട്ടത്.

## 3-8) ഫയലുകൾ ലഭിച്ചില്ല; വിവിധ വ്യവഹാരങ്ങൾക്കായി ചെലവഴിച്ച തുക തടസ്സവാദത്തിൽവെക്കുന്നു :

2010-11 വർഷത്തിൽ സർവ്വകലാശാല വിവിധ വ്യവഹാരങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തുക | ഫയൽ നം | മറ്റു വിവരങ്ങൾ |
|---|---|---|---|
| 61/10-11 | 5,500 | 80/2010/KUHAS Dt 04.06.2010 | Legal expense paid to Adv. T.R. Ravi WP(c) No.2011 filed by Sree Anjaneya Medical Trust |
| 776/10-11 | 94,333 | 2119/ac/nur/2010/kuhas | SLP 30794-30796/2010 |
| 775/10-11 | 31,000 | 153/2010/ADMIN | - |
| 938/10-11 | 24,786 | 2685/A1/1/2010/KUHAS | Paid to Adv. P.Sreekumar,standing counsel to defend the case fioled by Pushpagiri Medical Society |
| ആകെ | 1,55,619 | | |

06.06.2015 ലെ 100-ാം നം ഓഡിറ്റ് റിക്വിസിഷൻ പ്രകാരം വ്യവഹാരങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധിക്കാനായി സ്യൂട്ട് രജിസിറ്റർ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ ആവശ്യപ്പെട്ടിരുന്നെങ്കിലും, സ്യൂട്ട് രജിസ്റ്റർ മാത്രമാണ് ലഭ്യമാക്കിയത്. സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു;

1. സ്യൂട്ട് രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തുന്നില്ല.
2. മേൽകൊടുത്ത 4 വ്യവഹാരങ്ങളിൽ ക്രമനം 2 ന്റെ വിവരങ്ങൾ മാത്രമാണ് സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (പേജ് നം.4)
3. വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകകൾ രേഖപ്പെടുത്തിയില്ല.

ഫയലുകളുടെ അഭാവത്തിൽ പരിശോധന പൂർണ്ണമാകില്ല എന്നതിനാൽ സാമ്പത്തിക വർഷത്തിൽ വ്യവഹാരങ്ങൾക്കായി ചെലവഴിച്ച 1,55,619/- രൂപ തടസ്സത്തിൽ വെക്കുന്നു. വ്യവഹാരങ്ങളുടെ നടത്തിപ്പിൽ മതിയായ നടപടിക്രമങ്ങളും വ്യവസ്ഥകളും രൂപീകരിക്കാനും പാലിക്കാനും ഓഡിറ്റിൽ ആവശ്യപ്പെടുന്നു.

## ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

**(എ)** സംസ്ഥാനസർക്കാരിൽനിന്നും പ്ലാൻ ഫണ്ടിനത്തിൽ 21.5 കോടി രൂപ ലഭിച്ചിട്ടുണ്ട് (വിശദവിവരങ്ങൾക്ക് ഖണ്ഡിക 1.2 കാണുക). വിനിയോഗത്തിന്റേയും നീക്കിയിരിപ്പിന്റേയും വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

### (ബി) ഓഡിറ്റ് ചാർജ്ജ്

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 1994,വകുപ്പ് 19(1), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 1996 ചട്ടം 24 എന്നിവ പ്രകാരം കണക്കാക്കിയ ഓഡിറ്റ് ചാർജ്ജ് താഴെ ചേർക്കുന്നു. (ഓഡിറ്റിന് ലഭ്യമാക്കിയ ഇൻകം & എക്സ്പൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവാണ് കണക്കിലെടുത്തിരിക്കുന്നത്)

| | | |
|---|---|---|
| ആകെ വരവ് | | 9,44,18,508 |
| (-)സർക്കാർ പദ്ധതി വിഹിതം | 1,37,30,189 | |
| (-)മറ്റ് ഏജൻസികളിൽ നിന്നുള്ള വിഹിതം | 2,00,000 | 1,39,30,189 |
| 2010-11 ൽ ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് | | 8,04,88,319 |
| 0.5% നിരക്കിൽ ഓഡിറ്റ് ചാർജ്ജ് | | 4,02,442 |
| മുൻവർഷം അടവാക്കാൻ ബാക്കിനിൽക്കുന്ന ഓഡിറ്റ്ചാർജ്ജ് (2009-10) | | 7,364 |

| | |
|---|---|
| അടവാക്കാൻ ബാക്കിനിൽക്കുന്ന ആകെ ഓഡിറ്റ്ചാർജ്ജ് | 4,09,806 |

## (സി) ഓഡിറ്റ് പ്രത്യവലോകനം

### (1) **സാമ്പത്തിക നില** (ലഭ്യമാക്കിയ അക്കൗണ്ട്സ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 67,24,512 |
| വരവ് (റസീപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം) | 29,57,77,927 |
| ആകെ | 30,25,02,439 |
| ചെലവ് (റസീപ്റ്റ്സ് & പേയ്മെന്റ് പത്രിക പ്രകാരം) | 1,79,36,303 |
| നീക്കിയിരിപ്പ് | 28,45,66,136 |

നീക്കിയിരിപ്പിന്റെ വിശദവിവരങ്ങൾ

| | |
|---|---|
| കയ്യിരിപ്പ് പണം | 10,000 |
| ട്രഷറി സേവിംഗ്സ് ബാങ്ക്, ചെമ്പൂക്കാവ് | 21,56,69,790 |
| എസ്.ബി.ഐ. വടക്കാഞ്ചേരി | 16,41,292 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.1<br>എസ്.ബി.ഐ, കെ.യു.എച്ച്. എസ്. ബ്രാഞ്ച് | 94,29,710 |
| സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.2<br>എസ്.ബി.ഐ, കെ.യു.എച്ച്. എസ്. ബ്രാഞ്ച് | 3,47,915 |
| ഡയറി & പബ്ളിക്കേഷൻ അക്കൗണ്ട്<br>എസ്.ബി.ഐ, കെ.യു.എച്ച്. എസ്. ബ്രാഞ്ച് | 7,78,389 |
| ഫിക്സഡ് ഡെപ്പോസിറ്റ്<br>എസ്.ബി.ഐ, വടക്കാഞ്ചേരി ബ്രാഞ്ച് | 1,01,33,150 |
| ഫിക്സഡ് ഡെപ്പോസിറ്റ് | 1,60,00,000 |

| | |
|---|---|
| എസ്.ബി.ഐ, കെ.യു.എച്ച്. എസ്. ബ്രാഞ്ച് | |
| ഫിക്സഡ് ഡെപ്പോസിറ്റ്<br>എസ്.ബി.ടി. തൃശ്ശൂർ | 3,05,55,890 |
| **ആകെ** | **28,45,66,136** |

## (2) സംക്ഷിപ്തവിവരം

(ഓഡിറ്റിന് ലഭ്യമാക്കിയ ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവുകളാണ് കണക്കിലെടുത്തിരിക്കുന്നത്)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,44,18,508 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 1,37,30,189 |
| വരവിനങ്ങളിലെ നഷ്ടം | : | 14,58,77,850 |
| ചെലവിനങ്ങളിലെ നഷ്ടം/അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 28,81,275 |

## (3) <u>സർവ്വകലാശാല ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| **ഖണ്ഡിക നമ്പർ** | **നഷ്ടമായ തുക** | | **ഉത്തരവാദിയായ ആളുടെ പേരും മേൽവിലാസവും** |
|---|---|---|---|
| | **ചാർജ് ചെയ്യാവുന്നത്** | **സർചാർജ് ചെയ്യാവുന്നത്** | |
| 2.3 | 7,37,94,850 | | 1. ഡോ.കെ.മോഹൻദാസ്,<br>PRA 202,TC II/873-1<br>മൺവിള,തമ്പുരാൻ നഗർ,<br>എഞ്ചിനീയറിംഗ് കോളേജ്.പി.ഒ,<br>തിരുവനന്തപുരം-695 016 |
| | | | 2. ഡോ.സി.രത്നാകരൻ,<br>മംഗലത്ത് , പുതിയകാവ്, |

| | | | |
|---|---|---|---|
| | | | തൃപ്പൂണിത്തറ.പി.ഒ,<br>എറണാകുളം-682 301 |
| | | | 3. ഡോ.വി.ഐപ്പ് വർഗ്ഗീസ്<br>വേങ്ങൽ, സിവിൽസ്റ്റേഷൻ റോഡ്<br>കോഴിക്കോട്- 673 008 |
| | | | 4. ജി.ഗോപകുമാർ,<br>ശ്രീരാഗം, ഹൗസ് നമ്പർ.J-81<br>ജ്യോതി നഗർ,പട്ടം പാലസ്.പി.ഒ,<br>തിരുവനന്തപുരം-695 004 |
| 2.4 | 7,20,83,000 | | 1. ഡോ.കെ.മോഹൻദാസ്,<br>PRA 202,TC II/873-1<br>മൺവിള,തമ്പുരാൻ നഗർ,<br>എഞ്ചിനീയറിംഗ് കോളേജ്.പി.ഒ,<br>തിരുവനന്തപുരം-695 016 |
| | | | 2. ഡോ.സി.രത്നാകരൻ,<br>മംഗലത്ത് , പുതിയകാവ്,<br>തൃപ്പൂണിത്തറ.പി.ഒ,<br>എറണാകുളം-682 301 |
| | | | 3. ഡോ.വി.ഐപ്പ് വർഗ്ഗീസ്<br>വേങ്ങൽ, സിവിൽസ്റ്റേഷൻ<br>റോഡ്<br>കോഴിക്കോട്- 673 008 |
| | | | 4. ജി.ഗോപകുമാർ,<br>ശ്രീരാഗം, ഹൗസ് നമ്പർ.J-81<br>ജ്യോതി നഗർ,പട്ടം പാലസ്.പി.ഒ,<br>തിരുവനന്തപുരം-695 004 |

## (3) തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 6,25,120 | 1. ഡോ.കെ.മോഹൻദാസ്, വൈസ്ചാൻസലർ<br>2. ഡോ.സി.രത്നാകരൻ, പി.വി.സി<br>3. ഡോ.വി.ഐപ്പ് വർഗ്ഗീസ് രജിസ്ട്രാർ. |
| 3.3 | 17,645 | 1. ഡോ.വി.ഐപ്പ് വർഗ്ഗീസ് രജിസ്ട്രാർ.<br>2. ജി.ഗോപകുമാർ, ഫിനാൻസ് ഓഫീസർ |
